# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD -8/321/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/05/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ഉപരപത്രം സഹിതം),
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരപത്രം സഹിതം),
അസി.ഡെവപലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
ഓഫീസ് പകർപ്പ്

നമ്പർ: KSA.PKD -8/321/2022 തീയ്യതി: 18/05/2022

# പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2020 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-01-2022 | 18-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 18-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.യൂ.ബിജു ആന്റണി, ഓഡിറ്റ് ഓഫീസർ,
ശ്രീ.എം.ശിവപ്രസാദ്, അസി. ഓഡിറ്റ് ഓഫീസർ,
ശ്രീ.ഐ. കന്തസ്വാമി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി. അരവിന്ദാക്ഷൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.കെ. വിനോദ് കുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. നിർമല | അസി. എക്സിക്യൂട്ടിവ് എഞ്ചിനീയര് | 01-04-2019 | 30-09-2019 |
| ശ്രീ. കെ. കൃഷ്ണൻകുട്ടി | അസി. എക്സിക്യൂട്ടിവ് എഞ്ചിനീയര് | 01-10-2019 | 31-03-2020 |
| ശ്രീമതി. എസ്.ഷീല | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 12-07-2019 |
| ശ്രീമതി. ജിജി ജോൺ | ശിശു വികസന പദ്ധതി ഓഫീസർ | 13-07-2019 | 13-12-2019 |
| ശ്രീമതി. സുഷമ. വി.ജി | ശിശു വികസന പദ്ധതി ഓഫീസർ | 14-12-2019 | 19-12-2019 |
| ശ്രീമതി. ഗ്രേസി.എ. | ശിശു വികസന പദ്ധതി ഓഫീസർ | 20-12-2019 | 03-01-2020 |
| ശ്രീമതി. ഷീല.എസ്. | ശിശു വികസന പദ്ധതി ഓഫീസർ | 04-01-2020 | 23-01-2020 |
| ശ്രീമതി. ശുഭ കെ നായർ | ശിശു വികസന പദ്ധതി ഓഫീസർ | 24-01-2020 | 31-03-2020 |
| ഡോ. അബ്ബാസ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ശ്രീ. ഷിബു .എ. ആർ | കൃഷി അസി. ഡയറക്ടർ | 01-04-2019 | 09-05-2019 |
| ശ്രീ. താർഷ്യസ് മോഹന് | കൃഷി അസി. ഡയറക്ടർ | 10-05-2019 | 31-03-2020 |
| ശ്രീമതി.ഇന്ദു.എം.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 27-09-2019 |
| ശ്രീമതി.നന്ദിനി.ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-09-2019 | 31-03-2020 |
| ശ്രീ. വിജയൻ.കെ | ഷെഡ്യൂൾ കാസ്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ശരത്ത് | ഇൻഡസ്ട്രിയൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസര് | | |

-

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Kanthaswami.I (Auditor, On 25-01-2022)<br>Last Updated By: I. Sulaiman (Asst. Audit Officer, On 12-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-10 |
| 11 | ഗ്രോബാഗ് വിതരണം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് ഏറ്റെടുത്തു<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-11 |
| 12 | സമൃദ്ധി-നെല്ലുല്പാദന കൂലിചിലവ് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-12 |
| 13 | ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-13 |
| 14 | സമത-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-14 |
| 15 | പദ്ധതിമാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ടുകൾ നിർവ്വഹണം നടത്തി<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-15 |
| 16 | ബാലമിത്ര – അംഗൻവാടികൾ സ്മാർട്ട് പദ്ധതി -ഗ്രാമപഞ്ചായത്തുകളുടെ സമ്മതമില്ലാതെ പ്രൊജക്ടുകൾ ഏറ്റെടുത്തു. | 1-16 |

| | | |
|---|---|---|
| | Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | |
| 17 | ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ -ബ്ലോക്ക് വിഹിതം നൽകൽ (ജനറൽ) 2019- വിനിയോഗവിവരം ലഭ്യമാക്കിയില്ല.<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-17 |
| 18 | ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ -ബ്ലോക്ക് വിഹിതം നൽകൽ (SCP) 2019- വിനിയോഗവിവരം ലഭ്യമാക്കിയില്ല.<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-18 |
| 19 | പാലക്കുഴി ജലവൈദ്യുത പദ്ധതി – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-19 |
| 20 | ശ്രീകൃഷ്ണപുരം ബ്ലോക്ക് തുടർ സാക്ഷരത പഠിതാക്കളുടെ പത്താം തരം പ്ലസ് വൺ തുല്യത പരീക്ഷ ഫീസ്, ഗുഡ് ഇംഗ്ലീഷ് കോഴ്സ് പരീക്ഷ ഫീസ് അടക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-20 |
| 21 | പ്രൊജക്ട് നിർവഹണത്തിനു വേണ്ടി കൈമാറിയ തുകകൾ- വിനിയോഗ / ചെലവു പുരോഗതി സാക്ഷ്യപത്രം ഹാജരാക്കണം<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-21 |
| 22 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി മുട്ടക്കോഴി വളർത്തൽ പദ്ധതി ഏറ്റെടുത്തത് സംബന്ധിച്ച്<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-22 |
| 23 | ബ്ലോക്ക് തുടർവിദ്യാകേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -വിതരണ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 27-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-23 |
| 24 | വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: Kanthaswami.I (Auditor, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-24 |
| 25 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എന്നാൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 26-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-25 |
| 26 | പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 26-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-26 |
| 27 | അധിക നിരക്കിൽ കമ്പ്യൂട്ടറുകൾ, അനുബന്ധ സാധനങ്ങൾ വാങ്ങിയിരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 26-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-27 |
| 28 | ഫയലുകൾ പരിശോധനയക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച്<br>Written By: Biju Antony (Audit Officer, On 26-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-28 |

| | | |
|---|---|---|
| 29 | മൂന്ന് പ്രോജക്ടുകളിലൂടെ നിർവ്വഹണം നടത്തിയ ബഹുവർഷ പദ്ധതി നിഷ്ഫലമായി തുടരുന്നു.<br>Written By: Biju Antony (Audit Officer, On 26-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അധിക നിരക്കിൽ കമ്പ്യൂട്ടറുകൾ, അനുബന്ധ സാധനങ്ങൾ വാങ്ങിയിരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 03-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 3-1 |
| 2 | മൂന്ന് പ്രോജക്ടുകളിലൂടെ നിർവ്വഹണം നടത്തിയ ബഹുവർഷ പദ്ധതി നിഷ്ഫലമായി തുടരുന്നു.<br>Written By: Biju Antony (Audit Officer, On 03-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 3-2 |
| 3 | ഗ്രോബാഗ് വിതരണം -സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് ഏറ്റെടുത്തു<br>Written By: M.sivaprasad (Asst. Audit Officer, On 10-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 3-3 |
| 4 | പദ്ധതിമാർഗ്ഗ രേഖയ്ക്ക വിരുദ്ധമായി പ്രൊജക്ടുകൾ നിർവ്വഹണം നടത്തി- ചെലവ് അംഗീകരിക്കുന്നില്ല<br>Written By: M.sivaprasad (Asst. Audit Officer, On 05-03-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 3-4 |
| 5 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി മുട്ടക്കോഴി വളർത്തൽ പദ്ധതി ഏറ്റെടുത്തത് സംബന്ധിച്ച്<br>Written By: M.sivaprasad (Asst. Audit Officer, On 05-03-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 3-5 |
| 6 | വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: Kanthaswami.I (Auditor, On 20-03-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 3-6 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 03-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Biju Antony (Audit Officer, On 25-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Biju Antony (Audit Officer, On 25-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Biju Antony (Audit Officer, On 25-01-2022) | 4-6 |

| | | |
|---|---|---|
| | Last Updated By: Biju Antony (Audit Officer, On 25-01-2022) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Biju Antony (Audit Officer, On 25-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Biju Antony (Audit Officer, On 25-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

22-2-2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 7-3-2020 ലെ 3൦ നമ്പർ തീരുമാനപ്രകാരം പാസ്സാക്കിയിട്ടുണ്ട്.

ബജറ്റ് കണക്കുകൾ

| | |
|---|---|
| മുന്നിരിപ്പ് | 32763316 |
| വരവ് | 362793670 |
| ആകെ | 395556986 |
| ചെലവ് | 391665530 |
| നീക്കിയിരിപ്പ് | 3891456 |

തൻവർഷത്തെ യഥാർത്ഥ വരവു ചെലവുകൾ ചുവടെ ചേർക്കുന്നു .

| | |
|---|---|
| മുന്നിരിപ്പ് | 25638613 |
| വരവ് | 64804199 |
| ആകെ | 90442812 |
| ചെലവ് | 77654677 |
| നീക്കിയിരിപ്പ് | 12788135 |

ബജറ്റ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വളരെയധികം അന്തരം നിലനിൽക്കുന്നു. ആയതിനാൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് രൂപീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥരോട് ബജറ്റ് നിർദേശങ്ങൾ ആവശ്യപ്പെട്ടിരുന്നു എങ്കിലും തൻവർഷം ശിശുവികസന ഓഫീസറും വ്യവസായ വികസന ഓഫീസറും മാത്രമാണ് ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്.

ആയതിനാൽ ബജറ്റ് രൂപീകരണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും നിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ ബജറ്റ് രൂപീകരിക്കുന്നതിന് ധനാകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും ഭരണസമിതയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2020 | 30-5-2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25638613 |
| വരവ് | 64804199 |
| ആകെ | 90442812 |
| ചെലവ് | 77654677 |
| നീക്കിയിരിപ്പ് | 12788135 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 37674000 | 37674000 | 28524429 | 9149571 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 18346000 | 18346000 | 14964717 | 3381283 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 453000 | 453000 | 453000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4924000 | 4924000 | 3354870 | 1569130 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് (സംസ്ഥാനം) | | 0 | 300000 | 300000 | 0 | 300000 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 1759094 | 295477 | 2054571 | 132794 | 1921777 |
| | IAY(General) | 1276879 | 562969 | 1839848 | 0 | 1839848 |
| | IAY(SCP) | 16855294 | 6101050 | 22956344 | 19144186 | 3812158 |
| | IWDP(Hariyali) | 512009 | 0 | 512009 | 512009 (Refund Of Unutilised Grants) | 0 |
| | Best Panchayath Award (Central) | 2720956 | 0 | 2720956 | 2168711 | 552245 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 102870722 | 97 | 50702532 | 0 | 44 | 68 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി അസി. ഡയറക്ടർ | 4 | 3 | 3416250 | 3085213 | 90.3 |
| എസ്.സി.ഡി.ഓ | 6 | 6 | 1807866 | 1346190 | 74.5 |
| സി.ഡി.പി.ഓ | 9 | 8 | 3576367 | 2119144 | 59 |
| സെക്രട്ടറി | 28 | 21 | 40138251 | 19509667 | 48.6 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 81 | 48 | 41031988 | 19141739 | 46.6 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 | 5103182 | 3909154 | 76.6 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 7191818 | 1468234 | 20.4 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 605000 | 123191 | 20.3 |
| ആകെ | 141 | 97 | 102870722 | 50702532 | 49.2 |

### 1-6 തൊഴിലുറപ്പ് പദ്ധതി

ഒന്നുമില്ല.

### 1-7 ക്ഷേമ പദ്ധതികൾ

ഒന്നുമില്ല.

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.22 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. വരവായി തുകയൊന്നും ഉണ്ടായിരുന്നില്ല.

### 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയ്ത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ്, ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ

രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ കൃത്യമായി സംവിധാനങ്ങളൊന്നും ഇല്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കൂടാതെ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ താരതമ്യേന പുറമെ നിന്നുള്ള വരവുകൾ കുറവായതിനാലാണ് ഇപ്രകാരം പ്രത്യേകം സജ്ജീകരണങ്ങൾ ഏർപ്പെടുത്താത്തത് എന്നാണ് സൂചിപ്പിച്ചത്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. എന്നാൽ ഘടകസ്ഥാപനങ്ങളുടെ സാധനങ്ങൾ സമാഹരിക്കലിൽ ഇത്തരം കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല.
കൂടാതെ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ നേടിയെടുക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്.
പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിന് "സകർമ്മ" യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുണ്ട്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്ക മാറേണ്ടതുണ്ട്.
റജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ ശ്രദ്ധചെലുത്തുന്നുണ്ട് എങ്കിലും ആസ്തി റജിസ്റ്റർ, ഇൻക്യുമ്പൻസി റജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച് വിശദമായി 2020-21 വർഷത്തെ റിപ്പോർട്ടിനൊപ്പം ചേർത്തിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.8.2020 | 2019-20 | 23.9.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2018 | 2012-13 മുതൽ 2016-17 വരെ | 28.5.2019 |

1-11 ഗ്രോബാഗ് വിതരണം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് ഏറ്റെടുത്തു

ഗൃഹമിത്ര-വായനശാലകളുമായി ചേർന്ന് പച്ചക്കറി കൃഷി എന്ന പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ -79

അടങ്കൽ -487500 (പദ്ധതി വിഹിതം (ജനറൽ)-357500

ഗുണഭോക്തൃ വിഹിതം -130000)

ചെലവ് -357500 (ബിൽ നമ്പർ -2/19-20 Dt 20.1.20)

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

പ്രസ്തുത പ്രൊജക്ട് പ്രകാരം 3,57,500/- രൂപ താഴെ പറയുന്ന സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | ശ്രീകൃഷ്ണപുരം ബ്ലോക്ക് തല പച്ചക്കറി ഫെഡറേറ്റഡ് സമിതി-മാർക്കറ്റ് | 0741101031437 | 178750 |
| 2 | ഹരിത വെജിറ്റബിൾ ക്ലസ്റ്റർ കുളക്കാട്ടുകുർശ്ശി | 0741101031312 | 178750 |
| ആകെ | | | 357500 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 13 വായനശാലകൾക്ക് പച്ചക്കറി വിത്തുകൾ ചേർത്ത ഗ്രോബാഗുകൾ (Coirpith -750 Kg, Compost/vermicompost -150 Kg, Bonemeal-50 Kg, Neemcake-50 Kg, Boron -7.5 Kg, Vegetable Seedlings-1000 Nos) 500 എണ്ണം വീതം നൽകിയിട്ടുണ്ട്.

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.11 പ്രകാരം ഗ്രോബാഗ് വിതരണം പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളൂ. 1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 4-ാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ കൃഷിക്ക് ഏറ്റെടുക്കാവുന്ന ചുമതലകളിൽ ഗ്രോബാഗ് വിതരണം ഉൾപ്പെടുന്നില്ല. മേൽ പറഞ്ഞ വസ്തുതകളിന്മേൽ വിശദീകരണമോ രേഖകളോ ഹാജരാക്കാനുള്ള പക്ഷം ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/15.1.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ പദ്ധതി മാർഗ്ഗ രേഖക്ക വിരുദ്ധമായി നടപ്പാക്കിയ ഈ പ്രൊജക്ടിന്റെ ചെലവ് 3,57,500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദമായ ഖണ്ഡിക ഭാഗം 3-3 ൽ ചേർത്തിട്ടുണ്ട്.

1-12 സമൃദ്ധി-നെല്ലുല്പാദന കൂലിചിലവ് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സമൃദ്ധി-നെല്ലുല്പാദന കൂലിചിലവ് എന്ന പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ -75

അടങ്കൽ -2598750 (പദ്ധതി വിഹിതം (ജനറൽ)

ചെലവ് -2598750 (ബിൽ നമ്പർ -3/19-20 Dt 31.3.20 -Rs 1434375

ബിൽ നമ്പർ -4/19-20 Dt 31.3.20 -Rs 1164375)

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

ബിൽ നമ്പർ 3/19-20 Dt 31.3.20 പ്രകാരം 14,34,375/- രൂപ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്

| ഗ്രാമപഞ്ചായത്തിന്റെ | നൽകിയ | അക്കൗണ്ട് നമ്പർ |
|---|---|---|

| | | |
|---|---|---|
| പേര് | തുക | |
| വെള്ളിനേഴി | 506250 | 799011400001123 |
| കടമ്പഴിപ്പുറം | 928125 | 721051400000005 |

ബിൽ നമ്പർ 4/19-20 Dt 31.3.20 പ്രകാരം 11,64,375/- രൂപ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്

| ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക | അക്കൗണ്ട് നമ്പർ |
|---|---|---|
| പൂക്കോട്ടുക്കാവ് | 438750 | 721051400000003 |
| കരിമ്പുഴ | 270000 | 799011400001170 |
| കാരാകുർശ്ശി | 84375 | 799011400001022 |
| ശ്രീകൃഷ്ണപുരം | 371250 | 799011400001174 |

പ്രസ്തുത തുകകൾ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/13.1.2022) മറുപടി ലഭിച്ചില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-13 ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു.

ICDS ഓഫീസിലേക്ക് ഓഫീസ് ഉപകരണങ്ങൾ & ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ -98

അടങ്കൽ- 45120 (മെയിന്റൻസ് ഫണ്ട്)

ചെലവ് -45120 (ബിൽ നമ്പർ -1/19-20 Dt 22.6.19 -Rs 43750

ബിൽ നമ്പർ-29/19-20 Dt 18.3.20-Rs 1370)

നിർവ്വഹണ ഉദ്യോഗസ്ഥൻ-ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ

ബിൽ നമ്പർ 1 പ്രകാരം 43,750/- രൂപ താഴെ പറയുന്ന സ്ഥാപനത്തിന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | വാങ്ങിയ സാധനങ്ങൾ | തുക | ജി.എസ്.ടി | ആകെ |
|---|---|---|---|---|
| SYS WORLD, THIRUVAZHIYODE | DESKTOP ACER | 30127.12 | 5422.88 | 35550.00 |
| Do | Scanner Canon Lide | 4661.02 | 838.95 | 5500.00 |
| | | | | 41050.00 |

2700 രൂപക്ക് പെൻഡ്രൈവ്, പറമ്പിൽ ബസാർ, ശ്രീകൃഷ്ണപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

ബിൽ നമ്പർ 29 പ്രകാരം 1370 രൂപ Effar Trading, പട്ടിക്കര എന്ന സ്ഥാപനത്തിന് വിവിധ ഓഫീസ് സാധനങ്ങൾ വാങ്ങിയതിന് നൽകിയിട്ടുണ്ട്.

18/11/2017 ലെ സ.ഉ. (എം.എസ്.) നം 24/2017/ITD പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഓൺലൈൻ സർക്കാർ പോർട്ടലിലൂടെ മാത്രം വാങ്ങണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിക്കുകയോ ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ക്വട്ടേഷൻ രേഖകൾ ഹാജരാക്കാൻ

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/18.01.22) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 43,750/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 സമത-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സമത-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്ട് സംബന്ധമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ-31

അടങ്കൽ-10,00,000

ചെലവ്- 10,00,000 (ബിൽ നമ്പർ 3/19-20 Dt 31.8.19 -Rs 7,00,000

ബിൽ നമ്പർ 4/19-20 Dt 11.12.19 -Rs 3,00,000
നിർവ്വഹണ ഉദ്യോഗസ്ഥൻ -ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ

ബിൽ നമ്പർ 3 പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന് (Acct No-799011400001174) നൽകിയ 1,50,000/- രൂപയുടേയും ബിൽ നമ്പർ 4 പ്രകാരം 7,00,000/- രൂപ വിവിധ പഞ്ചായത്തുകൾക്ക് നൽകിയതിൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിന് (Acct No-799011400001170) നൽകിയ 3,00,000/- രൂപയുടേയും വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/18.1.22) മറുപടിയൊന്നും ഹാജരാക്കിയില്ല. പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-15 പദ്ധതിമാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ടുകൾ നിർവ്വഹണം നടത്തി

CDPO ശ്രീകൃഷ്ണപുരം - നിർവഹിച്ച താഴെ പറയുന്ന പ്രൊജക്ടുകൾ-സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണ്. പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| I.പ്രൊജക്ട് നമ്പർ | 51/20 | |
| പ്രൊജക്ടിന്റെ പേര് | സ്നേഹിത-കൗമാരക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യ പരിശോധന & കൗൺസലിംഗ് | |
| അടങ്കൽ | 200000 /- പ്ലാൻ (ജനറൽ) | |
| ചെലവ് | 200000/- | ട്രഷറി ബിൽ നം. 10/19-20 Dt 29.2.20 Rs 1,00,000 |
| | | ട്രഷറി ബിൽ നം. 27/19-20 Dt 13.3.20 Rs 25070 |
| | | ട്രഷറി ബിൽ നം. 28/19-20 Dt 13.3.20 Rs74930 |
| ട്രഷറി ബിൽ നം. 10/19-20 Dt 29.2.20 Rs 1,00,000 | (1) 10 ഹൈസ്കൂളുകളിൽ 1 സ്കൂളിന് 25 ക്ലാസ് വീതം (@400) 250കരാട്ടെ ക്ലാസുകൾ നടത്തിയതിന് 100000 രൂപ ജിഷ്ണു.എ എന്നവരുടെ അക്കൗണ്ടിലേക്ക് (1536101111536) നൽകിയിട്ടുണ്ട്. | |
| ട്രഷറി ബിൽ | Rs 3500 | Unni Decoration Sound & |

| | | |
|---|---|---|
| | | Cattering, Punchapadam |
| നം. 27/19-20 Dt 13.3.20 Rs 25070 | Rs 16000 | Krishna Catering Services,Thiruvazhiyode |
| | Rs 820 | My Print, Sreekrishnapuram |
| | Rs 4750 | Ansari Offset Press, Mannarkkad |
| ട്രഷറി ബിൽ നം. 28/19-20 Dt 13.3.20 Rs74930 (SNACKS) | Rs 8943 | HM, MNKMGHSS, PULAPPATTA |
| | Rs 13414 | HM, SABARI, PALLIKURUP |
| | Rs 8924 | PRINCIPAL IN CHARGE AKNMMA MEMORIAL HSS |
| | Rs 3605 | HM GHS MUNNURCODE |
| | Rs 6587 | GHSS, VELLINEZHI |
| | Rs 9334 | HSS, SREEKRISHNAPURAM |
| | Rs 9459 | GHSS, KARAKURISSI |
| | Rs 7589 | HSS THOTTARA |
| | Rs 7075 | SABARI PTBS HS ADAKKAPUTHUR |

| | | |
|---|---|---|
| II.പ്രൊജക്ട് നമ്പർ | 52/20 | |
| പ്രൊജക്ടിന്റെ പേര് | ഒരുക്കം -പ്രീ മാര്യേജ് & പോസ്റ്റ് മാര്യേജ് കൗൺസലിംഗ് | |
| അടങ്കൽ | 50000 /- പ്ലാൻ (ജനറൽ) | |
| ചെലവ് | 34000/- | ട്രഷറി ബിൽ നം. 8/19-20 Dt 27.2.20 |
| വിശദാംശങ്ങൾ | കൗമാരക്കാരായ കുട്ടികൾക്ക് കൗൺസലിംഗ് നടത്തിയതിനായി അഞ്ജലി.ടി.എസ് (അക്കൗണ്ട് നമ്പർ-1536101109292), ലിജാരാജ് (അക്കൗണ്ട് നമ്പർ-4026710101024654) എന്നവർക്ക് തുക നൽകിയത് | |

| | | |
|---|---|---|
| III.പ്രൊജക്ട് നമ്പർ | 100/20 | |
| പ്രൊജക്ടിന്റെ പേര് | സ്നേഹിത-കൗമാരക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യ പരിശോധന & കൗൺസലിംഗ് | |
| അടങ്കൽ | 15501 /- പ്ലാൻ (ജനറൽ) | |
| ചെലവ് | 12500/- | ട്രഷറി ബിൽ നം. 2/19-20 Dt 27.7.19 |
| വിശദാംശങ്ങൾ | കടമ്പഴിപ്പുറം, പൂക്കോട്ടുക്കാവ്, | |

| | | |
|---|---|---|
| | | വെള്ളിനേഴി പഞ്ചായത്തുകളിൽ 24 ദിവസം യോഗ ക്ലാസ് നടത്തിയതിന് (@250) 6000 രൂപ ബിന്ദു.എം (0831101059955) എന്നവർക്കും കരിമ്പുഴ, കാരാകുർശ്ശി, ശ്രീകൃഷ്ണപുരം പഞ്ചായത്തുകളിൽ 26 ദിവസം യോഗ ക്ലാസ് നടത്തിയതിന് ജിഷ.സി (0847101050273) എന്നവർക്ക് 6500 രൂപയും നൽകി. |

ഈ പ്രൊജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

(1) പതിമൂന്നാം പദ്ധതി - പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ- സ.ഉ. (കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29.01.2018 – ഖണ്ഡിക 3.5.6 – 1 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കുറഞ്ഞത് 5,00,000/- രൂപയെങ്കിലും അടങ്കലുള്ള പ്രൊജക്ടുകളേ ഏറ്റെടുക്കാൻ പാടുള്ളൂ, എന്നിരിക്കെ 5,00,000/- രൂപ അടങ്കലിൽ കുറവുള്ള മുകളിൽ പറഞ്ഞ പ്രൊജക്ടുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കി.

(2) സ.ഉ.(കൈ) 22/18 , ത.സ്വ.ഭ.വ, തീയ്യതി 14.2.18 -ലെ 7.4.4 കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് നടത്തുന്നത് സംബന്ധിച്ച് നടപടികൾ വിശദമാക്കിയിട്ടുണ്ട്.

(3) മേൽ ഉത്തരവ് ഖണ്ഡിക 7.4.3 ൽ വിദ്യാർത്ഥിനികളുടേയും വനിതകളുടേയും സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും സഹായകമായ വിധത്തിൽ ജെൻഡർ ഡെസ്ക് രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണെന്ന് വിശദമാക്കിയിട്ടുണ്ട്. അപ്രകാരം ജെൻഡർ ഡെസ്ക് രൂപീകരിക്കാതെയും , ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെയും പദ്ധതി നടപ്പിലാക്കി.

(4) മേൽ ഉത്തരവ് 7.4.1 ഖണ്ഡികയിൽ ജെൻഡർ റിസോഴ്സസ് സെന്ററിലൂടെ വേണം പരിശീലനവും അതുമായി ബന്ധപ്പെട്ട മൊഡ്യൂൾ തയ്യാറാക്കേണ്ടതും. അപ്രകാരം ചെയ്തിട്ടില്ല.

(5) മേൽ ഉത്തരവ്7.4.1- ൽ -7 ൽ കൗമാരക്കാരായ പെൺകുട്ടികളുടെ കൗൺസിലിംഗിന് നിയോഗിക്കുന്നവരുടെ പ്രതിമാസ അവലോകന യോഗം ചേരേണ്ടതും റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടി സ്വീകരിക്കേണ്ടതുമാണെന്ന് വിശദമാക്കയിട്ടുണ്ട്. അപ്രകാരം ചെയ്തിട്ടില്ല.

(6) മേൽ ഉത്തരവ് 7.4.1-ൽ 9 – ഓരോ വർഷാവസാനവും അവസ്ഥാ വിശകലന റിപ്പോർട്ടും പെർഫോമൻസ് അവലോകന റിപ്പോർട്ടും പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

(7) മേൽ ഉത്തരവ് 7.4.1.-10 ൽ ജെൻഡർ ഓഡിറ്റ് നടത്തേണ്ടതാണെന്ന് വിശദമാക്കിയിട്ടുണ്ട്. അപ്രകാരം ചെയ്തിട്ടില്ല.

(8) മേൽ ഉത്തരവ് 7.4.- 2 ൽ 2 – ജാഗ്രതാ സമിതി നേതൃത്വത്തിൽ കൗൺസിലിംഗിന് സഹായകരമായ വിധത്തിൽ ജെൻഡർ ഡെസ്ക് രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണെന്ന് വിശദമാക്കിയിട്ടും അപ്രകാരം ചെയ്തിട്ടില്ല.

(9) സ.ഉ. (കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29.01.2018 -ഖണ്ഡിക 6.3.8 പ്രകാരം കരാട്ടെ, യോഗ തുടങ്ങിയവ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമേ ഏറ്റെടുക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ വസ്തുതകളിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/18.01.22) മറുപടിയൊന്നും ഹാജരാക്കിയില്ല. ആയതിനാൽ സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കിയ ഈ പ്രൊജക്ടിന്റെ ചെലവ് 2,46,500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഭാഗം 3-4 ൽ ചേർത്തിട്ടുണ്ട്.

**1-16 ബാലമിത്ര – അംഗൻവാടികൾ സ്മാർട്ട് പദ്ധതി -ഗ്രാമപഞ്ചായത്തുകളുടെ സമ്മതമില്ലാതെ പ്രൊജക്റ്റുകൾ ഏറ്റെടുത്തു.**

ബാലമിത്ര – അംഗൻവാടികൾ സ്മാർട്ട് പദ്ധതി എന്ന പ്രൊജക്ട് സംബന്ധമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|---|---|
| 49/20 | 1615746 (പദ്ധതി വിഹിതം -ജനറൽ- 865746, SCP-750000) | 731612 (പദ്ധതി വിഹിതം -ജനറൽ- 279290, SCP-452322) | 6/21.1.20 | 274740 | ലാപ്ടോപ്പ് വാങ്ങിയത് |
| | | | 7/21.1.20 | 206055 | ലാപ്ടോപ്പ് വാങ്ങിയത് |
| | | | 12/18.3.20 | 35181 | LCD ടി.വി വാങ്ങിയത് |
| | | | 13/18.3.20 | 35181 | LCD ടി.വി വാങ്ങിയത് |
| | | | 14/18.3.20 | 35181 | LCD ടി.വി വാങ്ങിയത് |
| | | | 15/18.3.20 | 35181 | LCD ടി.വി വാങ്ങിയത് |
| | | | 16/18.3.20 | 35181 | LCD ടി.വി വാങ്ങിയത് |
| | | | 17/18.3.20 | 35181 | LCD ടി.വി വാങ്ങിയത് |
| | | | 18/18.3.20 | 35181 | LCD ടി.വി വാങ്ങിയത് |
| | | | 24/18.3.20 0 | 4550 | പെൻ ഡ്രൈവ് വാങ്ങിയത് |
| Total | | | | 731612 | |

ഓരോ പഞ്ചായത്തിലേയും അംഗൻവാടികൾ തെരഞ്ഞെടുത്ത് 42 ഇഞ്ച് LCD ടി.വി, ലാപ്ടോപ്പ് , ടേബിൾ, ചെയർ എന്നിവ നൽകി അംഗൻവാടികൾ സ്മാർട്ട് ആക്കുക എന്ന ഉദ്ദേശ്യത്തോടൊപ്പം പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തി കൂടുതൽ വിദ്യാർത്ഥികളെ ഇതിലേക്ക് ആകർഷിക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്.

ആയതിനു വേണ്ടി 21 ലാപ്ടോപ്പുകൾ CPRCS മുഖേന വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ -TVM/ITBG/PPI/RC/11507/19-20 Dt 19.1.2019

| ഇനം | തുക | എണ്ണം | ആകെ |
|---|---|---|---|
| Laptop-Medium End-Ubuntu | 22895.00 | 21 | 480795.00 |

പ്രസ്തുത 21 ലാപ്ടോപ്പുകൾ വിവിധ അംഗനവാടികളിലേക്ക് നൽകിയിട്ടുണ്ട്.

ഇതിനു പുറമേ 21 LG 43 Inch LCD ടി.വി കളും പ്രസ്തുത അംഗൻവാടികൾക്ക് നൽകിയിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ - P/0228/2019-20 Dt 26.02.20

| ഇനം | തുക | എണ്ണം | ആകെ |
|---|---|---|---|
| LG 43 Inch LCD ടി.വി | 27063.28 | 21 | 568328.93 |
| 5 Mtr HDMI Cable | 161.018 | 21 | 3381.38 |
| Pen Drive | 296.61 | 34 | 10084.77 |
| Total | | | 581795.07 |
| GST | | | 161556.00 |
| Total | | | 743351.00 |

21 ടി.വി യിൽ 7 എണ്ണം 2019-20 ലും ബാക്കി 14 എണ്ണം 2020-21 ലുമാണ് അംഗൻവാടികൾക്ക് നൽകിയിട്ടുള്ളത്.

സ.ഉ. (കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29.01.2018 -ഖണ്ഡിക 7.8.2(1) പ്രകാരം അംഗൻവാടികൾക്ക് ഫർണ്ണിച്ചർ, മറ്റു ഭൗതിക സാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ ആക്കുന്നതിനുള്ള പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ഏറ്റെടുക്കാവുന്നതാണ്. പ്രസ്തുത ഉപകരണങ്ങൾ നൽകാനുള്ള അങ്കണവാടികളെ തെരഞ്ഞെടുത്തത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തുകളുടെ സമ്മതപത്രവും ഹാജരാക്കിയിട്ടില്ല. നൂതന പ്രൊജക്ടുകൾക്കുള്ള പ്രത്യേകാനുമതി ലഭ്യമാക്കാതെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/18.01.22) മറുപടിയോ രേഖകളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 7,31,612/- രൂപ തടസ്സപ്പെടുത്തുന്നു. പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-17 ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ -ബ്ലോക്ക് വിഹിതം നൽകൽ (ജനറൽ) 2019- വിനിയോഗവിവരം ലഭ്യമാക്കിയില്ല.

2019-20 സാമ്പത്തികവർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖേന നിർവഹിച്ച ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ എന്ന പ്രൊജക്ട് നിർവഹണത്തിനായി ബ്ലോക്ക് പരിധിയിലുള്ള വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഇത്തരത്തിൽ കൈമാറിയ തുകകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമാക്കിയില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവുതുക | കൈമാറിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 5/20 ലൈഫ് ഭവനപദ്ധതി വിഹിതം | 7534800 | 7534800 (ബിൽ നമ്പർ- 5/30.7.19) | വെള്ളിനേഴി ഗ്രാ.പ | 740520.00 |
| | | | ശ്രീകൃഷ്ണപുരം ഗ്രാ.പ | 444321.00 |
| | | | പൂക്കോട്ടുക്കാവ് ഗ്രാ.പ | 370260.00 |
| | | | കരിമ്പുഴ ഗ്രാ.പ | 2036430.00 |
| | | | കടമ്പഴിപ്പുറം ഗ്രാ.പ | 1832787.00 |
| | | | കാരാകുർശ്ശി ഗ്രാ.പ | 2110482.00 |
| Total | | | | 7534800 |

മേൽപറഞ്ഞ പഞ്ചായത്തുകളിൽ പൂക്കോട്ടുക്കാവ് ഗ്രാമപഞ്ചായത്തൊഴികെയുള്ള പഞ്ചായത്തുകൾക്ക്

നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (18/25.1.22) നൽകിയെങ്കിലും ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-18 ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ -ബ്ലോക്ക് വിഹിതം നൽകൽ (SCP) 2019- വിനിയോഗവിവരം ലഭ്യമാക്കിയില്ല.**

2019-20 സാമ്പത്തികവർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖേന നിർവഹിച്ച ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ (SCP) എന്ന പ്രൊജക്ട് നിർവഹണത്തിനായി ബ്ലോക്ക് പരിധിയിലുള്ള വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഇത്തരത്തിൽ കൈമാറിയ തുകകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമാക്കിയില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവു തുക | കൈമാറിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 4/20 ലൈഫ് ഭവനപദ്ധതി വിഹിതം (SCP) | 3927671 | 3927671 | വെള്ളിനേഴി ഗ്രാ.പ (Rs 644831) | 42/21.1.20 -150000 |
| | | | | 34/11.12.19-494831 |
| | | | ശ്രീകൃഷ്ണപുരം ഗ്രാ.പ (Rs 762073) | 40/21.1.20 -300000 |
| | | | | 30/11.12.19-462073 |
| | | | പൂക്കോട്ടുക്കാവ് ഗ്രാ.പ (468968) | 32/11.12.19-468968 |
| | | | കരിമ്പുഴ ഗ്രാ.പ (762073) | 33/11.12.19-462073 |
| | | | | 38/21.1.20- 231445 |
| | | | | 41/21.1.20- 68555 |
| | | | കടമ്പഴിപ്പുറം ഗ്രാ.പ (293105) | 35/11.12.19- 293105 |
| | | | കാരാകുർശ്ശി ഗ്രാ.പ (996621) | 31/11.12.19-497621 |
| | | | | 43/21.1.20-499000 |
| Total | | | | 3927671 |

മേൽപറഞ്ഞ പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (18/25.1.22) നൽകിയെങ്കിലും ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-19 പാലക്കുഴി ജലവൈദ്യുത പദ്ധതി – വിനിയോഗ സാകഷ്യപത്രം ഹാജരാക്കേണ്ടതാണ്**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലക്കുഴി ജലവൈദ്യുത പദ്ധതി എന്ന പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ/തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 59/20 | പാലക്കുഴി ജലവൈദ്യുത പദ്ധതിക്ക് ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം പാലക്കാട് ജില്ലാപഞ്ചായത്തിന് നൽകൽ | 1000000 (പദ്ധതിവിഹിതം- ജനറൽ | 500000 | 50/28.1.20 |

പദ്ധതിക്കായി മേൽപറയും പ്രകാരമുള്ള തുക പാലക്കാട് ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നമ്പർ-799011400002200) ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നലകിയ ഓഡിറ്റ് അന്വേഷണത്തിന് (19/25.1.22) രേഖകൾ ലഭ്യമാക്കിയില്ല. ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-20 ശ്രീകൃഷ്ണപുരം ബ്ലോക്ക് തുടർ സാക്ഷരത പഠിതാക്കളുടെ പത്താം തരം പ്ലസ് വൺ തുല്യത പരീക്ഷ ഫീസ്, ഗുഡ് ഇംഗ്ലീഷ് കോഴ്സ് പരീക്ഷ ഫീസ് അടക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ശ്രീകൃഷ്ണപുരം ബ്ലോക്ക് തുടർ സാക്ഷരത പഠിതാക്കളുടെ പത്താം തരം പ്ലസ് വൺ തുല്യത പരീക്ഷ ഫീസ്, ഗുഡ് ഇംഗ്ലീഷ് കോഴ്സ് പരീക്ഷ ഫീസ് അടക്കൽ എന്ന പ്രൊജക്ട് പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് താഴെപ്പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| പ്രൊജക്ട നമ്പർ | വകയിരുത്തിയ തുക | ചെലവുതുക | റിമാർക്സ് | തുക | തുക നൽകിയത് |
|---|---|---|---|---|---|
| 55/20. | 100000 (പദ്ധതി വിഹിതം- ജനറൽ) | 96500 | ബിൽ നമ്പർ 48/28.1.20 | 40000 | Director, Kerala State Literacy Mission Authority 02880110044599 |
| | | | | 24500 | Director, Kerala State Literacy Mission 57026996123 |
| | | | | 32000 | Kerala State Literacy Mission 02880100113107 |

പ്രൊജക്ടുകൾക്കായി അടവാക്കിയ തുകയുടെ വിനിയോഗവിവരം സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 20/25.1.22)

1-21 പ്രൊജക്ട് നിർവഹണത്തിനു വേണ്ടി കൈമാറിയ തുകകൾ- വിനിയോഗ / ചെലവ് പുരോഗതി സാക്ഷ്യപത്രം ഹാജരാക്കണം

2019-20 സാമ്പത്തിക വർഷത്തിൽ പ്രൊജക്ടുകളുടെ നിർവഹണത്തിനു വേണ്ടി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവു തുക | തുക നൽകപ്പെട്ട | പരിശോധനയ്ക്ക് ഹാജരാക്കേണ്ട |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | നിർവഹണ ഏജൻസിയുടെ പേര് | രേഖകൾ |
| 1 | 94/20 | വെള്ളിനേഴി പഞ്ചായത്തിലെ കിഴക്കേപുരക്കൽ കോളനിയിൽകേരള വാട്ടർ അതോറിറ്റിയിൽ നിന്നും പൈപ്പ് ലൈൻ കണക്ഷൻ | 310000/- BillNo. 10/27.7.19 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur | ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള റിക്വിസിഷൻ വിനിയോഗ സാക്ഷ്യ പത്രം |
| 2 | 148/20 | തെളിനീർ പട്ടികജാതി വീട്ടുകളിലേക്ക് കുടിവെള്ള പദ്ധതി വെള്ളിനേഴി പഞ്ചായത്തിലെ നട്ടുപോക്കിൽ കോരംപറമ്പ് ലക്ഷംവീട് കാരയിൽ പോട്ടത്തിൽ മായംകുളം എന്നീ കോളനിയിലേക്ക് കുടിവെള്ള പദ്ധതി | 950000 Bill No-23/31.10.19 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur | ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള റിക്വിസിഷൻ വിനിയോഗ സാക്ഷ്യ പത്രം |
| 3 | 166/20 | തെളിനീർ പട്ടികജാതി കോളനികളിലെ വീട്ടുകളിലേക്ക് കുടിവെള്ള പദ്ധതി ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ മേക്കൊട്ടിൽ, തേക്കിൻകാട്ടിൽ മുന്നാഴിക്കുന്ന് മഠത്തിൽത്തൊടി വാക്കട വടക്കേക്കര കോളനികൾ | 1500000 Bill No-24/31.10.19 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur | ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള റിക്വിസിഷൻ വിനിയോഗ സാക്ഷ്യ പത്രം |
| 4 | 45/20 | പൂക്കോട്ടുക്കാവ് പഞ്ചായത്തിലെ വള്ളിക്കാട്ട് കോളനിയിലേക്ക് വാട്ടർ | 530000 Bill No-25/31.10.19 | ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള റിക്വിസിഷൻ വിനിയോഗ | ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള റിക്വിസിഷൻ വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| | | അതോറിറ്റിയിൽ നിന്നും പൈപ്പ് ലൈൻ ദീർഘിപ്പിച്ച് പട്ടികജാതി കോളനിയിലെ പട്ടികജാതി ഗുണഭോക്താക്കൾക്ക് കുടിവെള്ളകണക്ഷൻ നൽകൽ | | സാക്ഷ്യ പത്രം കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur | സാക്ഷ്യ പത്രം |

മേൽ പറഞ്ഞ പട്ടിക പ്രകാരം വിനിയോഗ സാക്ഷ്യപത്രങ്ങൾ ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (02/12.11.2019) ന് മറുപടിയൊന്നും ഹാജരാക്കിയില്ല.

ആയതിനാൽ തുക കൈമാറിയ ഏജൻസികളിൽ നിന്നും, വിനിയോഗിച്ച തുകയുടെ സാക്ഷ്യപത്രം ലഭ്യമാക്കുകയും അവശേഷിക്കുന്ന തുക തിരികെ ഈടാക്കുകയും ചെയ്ത് വിവരം തെളിവ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി മുട്ടക്കോഴി വളർത്തൽ പദ്ധതി ഏറ്റെടുത്തത് സംബന്ധിച്ച്

സുഭിക്ഷ കുടുംബശ്രീ/എസ്.എച്ച്.ജി യൂണിറ്റുകൾക്ക് മുട്ടക്കോഴി വളർത്തൽ ധനസഹായം നൽകൽ എന്ന പ്രൊജക്ട് സംബന്ധമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ -93

അടങ്കൽ - 90000

ചെലവ് -90000

ബിൽ നമ്പർ- 4/29.6.19

പട്ടികജാതി വിഭാഗം വനിതകളുടെ സ്വയം സഹായ സംഘങ്ങൾക്ക് 5 പേർ വീതമുള്ള ഒരു കുടുംബശ്രീ യൂണിറ്റുകൾക്ക് 60,000/- രൂപ മതിപ്പുചെലവിൽ 50% ബ്ലോക്ക് പഞ്ചായത്ത് സബ്സിഡിയും 50% ബാങ്ക് ലോണും ആണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

താഴെ പറയുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് 30000 രൂപ വീതം സബിസിഡി നല്കിയിട്ടുണ്ട്.

| എസ്.എച്ച്.ജി പേര് | അക്കൗണ്ട് നമ്പർ | സബ്സിഡി നൽകിയ തുക |
|---|---|---|
| അക്ഷയ അയൽക്കൂട്ടം കടമ്പഴിപ്പുറം | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കടമ്പഴിപ്പുറം 31021545134 | 30000 |
| ആര്യ (അക്ഷര) അയൽക്കൂട്ടം കാരാകുർശ്ശി | കാനറ ബാങ്ക് കാരാകുർശ്ശി 5508296000002 | 30000 |
| സ്നേഹദീപം അയൽക്കൂട്ടം ശ്രീകൃഷ്ണപുരം | കാനറ ബാങ്ക് ശ്രീകൃഷ്ണപുരം 0741296000003 | 30000 |

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2 പ്രകാരം മുട്ടക്കോഴി വിതരണം പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളു. 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം 4-ാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ മൃഗസംരക്ഷണവും ക്ഷീരോൽപ്പാദനവും ഏറ്റെടുക്കാവുന്ന ചുമതലകളിൽ മുട്ടക്കോഴി വളർത്തൽ ഉൾപ്പെടുന്നില്ല.

ഇത് സംബന്ധിച്ച് വിശദീകരണമോ രേഖകളോ ഹാജരാക്കാനുള്ള പക്ഷം ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/25.1.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കിയ ഈ പ്രൊജക്ടിന്റെ ചെലവ് 90,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച പരാമർശം ഭാഗം 3-5 ൽ ചേർത്തിട്ടുണ്ട്.

## 1-23 ബ്ലോക്ക് തുടർവിദ്യാകേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -വിതരണ രേകകൾ ലഭ്യമാക്കിയില്ല

ശ്രീകൃഷ്ണപുരം ബ്ലോക്ക് തുടർവിദ്യാകേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ട് സംബന്ധമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ -151

അടങ്കൽ -60000

ചെലവ്- 54855

ബിൽ നമ്പർ-19/6.11.19

പ്രസ്തുത പ്രൊജക്ടിൽ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ Cprcs മുഖേന വാങ്ങിയിട്ടുണ്ട്.

Invoice No-10074/17-18 Dt 19.10.19

| Description | Rate | Quantity | Value |
|---|---|---|---|
| A4 Multifunction Printer | 14726.00 | 1 | 14726.00 |

Invoice No-10072/17-18 Dt 19.10.19

| Description | Rate | Quantity | Value |
|---|---|---|---|
| Desktop Intel Processor | 40129.00 | 1 | 40129.00 |

പ്രസ്തുത ഉപകരണങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ശ്രീകൃഷ്ണപുരം ബ്ലോക്ക് തുടർവിദ്യാകേന്ദ്രത്തിലേക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം(23/25.01.22) നൽകിയെങ്കിലും ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി എന്ന പദ്ധതി നിർവഹണം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | S007/19-20 , ഗോശ്രീ- വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി |

| | |
|---|---|
| അടങ്കൽ | 60,00,000/-<br>24,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം)<br>36,00,000/- (ബാങ്ക് വിഹിതം) |
| ചെലവ് | 4,00,000/- |
| നിർവഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ബിൽ നമ്പർ | 1.ബിൽ നമ്പർ 28/19-20 Dated 30.01.2020- (Amount 2,00,000/-)<br>2.ബിൽ നമ്പർ 29/19-20 Dated 30.01.2020 (Amount 2,00,000/-) |

വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി എന്ന പദ്ധതിയിൽ പത്ത് പേർ വീതമുള്ള ആറ് ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് ഒരു ഗ്രൂപ്പിന് 2,00,000/- രൂപ വീതം തൊഴുത്ത് നിർമ്മാണത്തിനും 2,00,000/- രൂപ വീതം കറവപ്പശുക്കളെ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനുമാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

ഇത് പ്രകാരം ആറ് ജെ.എൽ.ജി ഗ്രൂപ്പുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇവ

1.ഗായത്രി ജെ.എൽ.ജി

2.ഗോവർദ്ധിനി ജെ.എൽ.ജി

3.കാമധേനു ജെ.എൽ.ജി

4.അമൃതവർഷിണി ജെ.എൽ.ജി

5.ഗോകുലം ജെ.എൽ.ജി

6.ഗോമതി ജെ.എൽ.ജി

ഇതിൽ 2019-20 വർഷം കാമധേനു, അമൃതവർഷിണി എന്നീ ഗ്രൂപ്പുകൾക്ക് തൊഴുത്ത് നിർമ്മാണത്തിനായി 2,00,000/- രൂപ വീതം സബ്സിഡി നൽകിയിട്ടുമുണ്ട്. ടി പദ്ധതി നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതല്ല.

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2.1 പ്രകാരം കറവപ്പശു വിതരണം പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളു. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുക്കാവുന്നതല്ല.

2.തൊഴുത്ത് നിർമ്മാണം പദ്ധതിയുടെ ഭാഗമാക്കാൻ പാടുള്ളതല്ല.

സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2. മാനദണ്ഡങ്ങൾ പ്രകാരം തൊഴുത്ത് പുനരുദ്ധാരണം, കൂട് നിർമ്മാണം പ്രൊജക്ടിന്റെ ഭാഗമാക്കാൻ പാടില്ലാത്തതാണ്. എന്നാൽ ഇവ മേൽ പദ്ധതിയിലുൾപ്പെടുത്തി ഒരു ഗ്രൂപ്പിന് 2,00,000/- രൂപ വീതം തൻവർഷം 4,00,000/- രൂപ തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡിയായി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08/19.01.2022 ന് മറുപടിയായി ജില്ലാതല അപ്പലേറ്റ് കമ്മിറ്റി അംഗീകരിച്ച പദ്ധതി ക്ഷീരവികസനഓഫീസർ നടപ്പിലാക്കുകമാത്രമാണ് ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. ഡയറി യൂണിറ്റുകൾക്ക് തൊഴുത്ത് അവിഭാജ്യ ഘടകമായതിനാലും മുൻവർഷങ്ങളിൽ നടപ്പിലാക്കിയ

പദ്ധതിയായതുകൊണ്ടുമാണ് തൻവർഷവും നടപ്പിലാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,00,000/- രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഖണ്ഡിക 3-6 ൽ പരാമർശിച്ചിട്ടുണ്ട്.

1-25 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. എന്നാൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 102/20- തുമ്പക്കണ്ണി കോരക്കോട് തോണിക്കുഴി റോഡ് ടാറിങ്ങ് 938552 ബിൽ നം.-8/10-7-2019- 968210/- | 27-7-2018 | 3-8-2018 | 27/AEE /LSGD/SKPM /31-8-2018 സി.കെ. കൃഷ്ണദാസ് | 9386 | 0 | 9386 |
| 2. | SO 109/20- പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ, കരിമ്പുഴ 1964447 ബിൽ നം.-1) 22/6-9-2019- 289640/- 2) 74/11-3-2020, | 27-7-2018 | 3-8-2018 | 24/AEE /LSGD/SKPM /29-8-2018 ഷിഹാബുദ്ദീൻ. പി.പി | 19644 | 0 | 19644 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 526014<br>3) ബിൽ നം. തീയ്യതി ലഭ്യമല്ല. , 1145679 | | | | | | |
| 3. | SO 107/20-<br>ഘടകസ്ഥാപനങ്ങളുടെ ഓഫീസിനു മുമ്പിൽ വാഹന പാർക്കിംഗ് സൗകര്യം ഒരുക്കൽ<br>1311336<br>ബിൽ നം.-9/27-6-2019- 281694/-<br>ബിൽ നം.-34/23-1-2019, 1029642/- | 27-7-2018 | 3-8-2018 | 23/AEE /LSGD/SKPM /23-8-2018<br>സി.ജെ. ജോയി | 13113 | 0 | 13113 |
| ആകെ | | | | | | | 42143 |

ഇതു സംന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 12/21-1-2022ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് ഇതു സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും ടി തുകകൾ അവരിൽ നിന്ന് ഈടാക്കുന്ന മുറയ്ക്ക് അറിയിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-26 പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The Extension Of Time Of Completion That Can Be Granted At A Time Shall Not Exceed 25% Of The Original Time Or Six Months Whichever Is Less . The Maximum Extension That Can Be Granted For A Work Shall Be Limited To Half The Original Time Of Completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചത് ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പരും പേരും: SO - 102/20- ഉമ്പക്കണ്ണി കോരക്കോട് തോണിക്കുഴി റോഡ് ടാറിങ്ങ്

അടങ്കൽ: – 1200000, ഫണ്ടിനം: വികസനഫണ്ട് (ജനറൽ )

ചെലവ്: 968210/- , ബിൽ നം. ബിൽ നം.-8/10-7-2019- 968210/-രൂ.

കരാർ നം.27/AEE/LSGD/SKPM/31-8-2018

(PAC): 1163064, കരാറുകാരൻ: സി.കെ. കൃഷ്ണദാസ്

സ്ഥലം കൈമാറിയ തീയ്യതി. 31-8-2018

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി : 28-2-2019 ( സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവ പ്രകാരം)

പൂർത്തീകരിച്ച തീയ്യതി: 21-3-2019, അളവു പുസ്തകം: 61/18-19

ആകെ പ്രവൃത്തി മൂല്യം: 938553

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലാവധി നീട്ടൽ (പൂർത്തീകരണ കാലാവധിയുടെ 25%): 11630 (PACയുടെ 1%)

ആകെ ഈടാക്കേണ്ടത്: 11,630/-

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 11,630/-

2- പ്രൊജക്ട് നമ്പരും പേരും: SO - 111/20- ആമക്കാട് പാലത്തറ കനാൽ റോഡ് ടാറിങ്ങ്

അടങ്കൽ: – 672731, ഫണ്ടിനം: 399000 വികസനഫണ്ട് (ജനറൽ )

ചെലവ്: 623825/- , ബിൽ നം. ബിൽ നം.-5/10-7-2019- 623825/-രൂ.

കരാർ നം.04/AEE/LSGD/SKPM/8-8-2018

(PAC): 664924, കരാറുകാരൻ: എൻ. സേതുമാധവൻ

സ്ഥലം കൈമാറിയ തീയ്യതി. 8-8-2018

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 8-2-2019 ( ടി.എസ്., സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവ പ്രകാരം)

പൂർത്തീകരിച്ച തീയ്യതി: 14-3-2019, അളവു പുസ്തകം: 50/18-19

ആകെ പ്രവൃത്തി മൂല്യം: 605655

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലാവധി നീട്ടൽ (പൂർത്തീകരണ കാലാവധിയുടെ 25%): 6649 (PACയുടെ 1%)

ആകെ ഈടാക്കേണ്ടത്: 6,649/-

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 6,649/-

3- പ്രൊജക്ട് നമ്പരും പേരും: SO - 112/20- തിരുവമ്പലം പട്ടം തോട് റോഡ് ഫോർമേഷൻ , കടമ്പഴിപ്പുറം

അടങ്കൽ: – 513000, ഫണ്ടിനം: വികസനഫണ്ട് (ജനറൽ )

ചെലവ്: 421457/- , ബിൽ നം. ബിൽ നം.-14/23-7-2019- 4,21,457/-രൂ.

കരാർ നം.13/AEE/LSGD/SKPM/13-8-2018

(PAC): 509903, കരാറുകാരൻ: എൻ. സേതുമാധവൻ

സ്ഥലം കൈമാറിയ തീയ്യതി. 13-8-2018 (സൈറ്റ് കൈമാറുന്ന രസീതിയിൽ വെട്ടിത്തിരുത്തി 11-1-2019 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സ്വീകാര്യമല്ല. എഗ്രിമെന്റ് വെച്ച് പത്തു ദിവസത്തിനുള്ളിൽ സൈറ്റ് കൈമാറണം എന്ന് G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം വ്യകതമാക്കാക്കിയിട്ടുണ്ട്. കൂടാതെ കരാറുകാരനുമായി ചമച്ചിട്ടുള്ള എഗ്രിമെന്റിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്.)

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 13-2-2019 ( സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവ പ്രകാരം)

പൂർത്തീകരിച്ച തീയ്യതി: 28-3-2019, അളവു പുസ്തകം: 68/18-19

ആകെ പ്രവൃത്തി മൂല്യം: 421457

6മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലാവധി നീട്ടൽ (പൂർത്തീകരണ കാലാവധിയുടെ 25%): 5130 (PACയുടെ 1%)

ആകെ ഈടാക്കേണ്ടത്: 5,130/-

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 5,130/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 13/21-1-2022, നം. 14/ 22-1-2022 ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അവരിൽ നിന്നും ഈടാക്കുന്ന മുറയ്ക്ക് അറിയിക്കുമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ പിഴ ഇനത്തിൽ കുറവ് സംഭവിച്ച തുക 23,409/- രൂ. ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-27 അധിക നിരക്കിൽ കമ്പ്യൂട്ടറുകൾ, അനുബന്ധ സാധനങ്ങൾ വാങ്ങിയിരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

തൻവർഷം നിർവ്വഹണം നടത്തിയ കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. , പേര് | SO 104/20-അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലേക്ക് പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷീൻ , കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ ,ഫണ്ടിനം | 100000 – വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 99868 |
| ബിൽ വിവരങ്ങൾ | 16/29-7-2019, Rs. 80297<br>40/18-19/ 12-3-2019, Rs. 19631 |
| തുക നൽകപ്പെട്ട സ്ഥാപനം | നിസ്ഡൺ ഇന്ഫോവേ, പെരിന്തൽമണ്ണ |
| വാങ്ങിയ സാധനങ്ങൾ | ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ -1, മൾട്ടി ഫങ്ഷൻ പ്രിന്റർ- ലേസർ പ്രിന്റർ -1, കളർ പ്രിന്റർ -1, യൂപിഎസ്. 750VA |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലേക്ക് പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷീൻ , കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നിസ്ഡൺ ഇന്ഫോവേ, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയും ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1) 18/11/2017 ലെ സ.ഉ. (എം.എസ്.) നം . 24/2017/ITD പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഓൺലൈൻ സർക്കാർ പോർട്ടലിലൂടെ (WWW.CPRCS.Kerala.gov.in) മാത്രം വാങ്ങണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാധനങ്ങളുടെയും സ്പെസിഫിക്കേഷന് സമാനമായ സാധനങ്ങൾ ടി പോർട്ടലിൽ ഇല്ലെങ്കിൽ മാത്രമാണ് കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ പ്രതിനിധി ഉൾപ്പെട്ട വകുപ്പ് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ടെണ്ടർ നടത്തുന്നതിന് അനുമതിയുള്ളത്. എന്നാൽ തൻവർഷം ഇത്തരം കാര്യങ്ങൾ ഒന്നും സ്വീകരിക്കാതെ ടെണ്ടറിലൂടെ നേരിട്ട് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുകയാണ് ചെയ്തിരിക്കുന്നത്.

2) നം. ഐ.ടി. സെൽ 1/26/2019/ വി.സ.വി. തീയ്യതി. 18-3-2019 പ്രകാരമുള്ള ഉത്തരവിലെ ഖ. 3 പ്രകാരം ഇതര മാർഗങ്ങളിലൂടെ കൂടിയ വിലയ്ക്ക് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങാൻ പാടില്ല എന്നും അപ്രകാരം നടത്തിയാൽ അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിലേക്ക് വാങ്ങിയ സാധനങ്ങളുടെ വിലയും ഓൺലൈൻ പോർട്ടൽ മുഖേനയുള്ള വിലയും ചുവടെ ചേർക്കുന്നു.

| സാധനത്തിന്റെ വിശദാംശങ്ങൾ | നൽകിയ വില | CPRCS ൽ നിശ്ചയിച്ചിട്ടുള്ള വില. | വില വ്യത്യാസം |
|---|---|---|---|
| ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ -1, | 47448 | 29876 | 17572 |
| മൾട്ടി ഫങ്ഷൻ പ്രിന്റർ- ലേസർ പ്രിന്റർ -1 | 28627 | 14851, | 13776 |

| | | | |
|---|---|---|---|
| യൂപിഎസ്. 600VA | 6387 | 2599 | 3788 |
| കളർ പ്രിന്റർ -1, | 17406 | 10176 | 7230 |
| ആകെ വിലയിലുള്ള വ്യത്യാസം | | | 42366 |

3) ടെണ്ടർ നോട്ടീസിൽ കമ്പ്യൂട്ടറിന് 5 വർഷത്തെ വാറണ്ടി വേണമെന്ന് വ്യക്തമാക്കിയിരുന്നു എങ്കിലും വിതരണം ചെയ്യപ്പെട്ട കമ്പ്യൂട്ടറിന് 1 വർഷത്തെ വാറണ്ടിയാണ് നൽകിയിരിക്കുന്നത്.

4) വിതരണം ചെയ്യപ്പെട്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ ടെണ്ടർ നോട്ടീസിൽ സൂചിപ്പിച്ചതിന് സമാനമാണോ എന്ന് ആരും പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/22-1-2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഓൺലൈൻ സർക്കാർ പോർട്ടലിലൂടെ (WWW.CPRCS.Kerala.gov.in) മാത്രം വാങ്ങണം എന്ന് അറിവ് ഉണ്ടായിരുന്നില്ല എന്നും മാർച്ച് മാസം ആയതിനാൽ തിരക്കുകൾ മൂലം പെട്ടെന്ന് ചെയ്യേണ്ടി വന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മറുപടി തൃപ്തികരമല്ല.

ആയതിനാൽ വിലവ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ 42,366/-രൂ. ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. മറ്റ് അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് ഇനത്തിൽ ബാക്കി തുകയായ 57,502/- രൂ. തടസ്സത്തിൽ വെയ്ക്കുകയും ചെയ്യുന്നു.
നിരാകരിച്ച തുക സംബന്ധിച്ച് വിശദമായ ഖണ്ഡിക ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-28 ഫയലുകൾ പരിശോധനയക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച്

താഴെ പറയുന്ന പ്രവൃത്തിയുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രവൃത്തിയുടെ പേര് | ചെലവ് തുക | ബിൽ വിവരങ്ങൾ |
|---|---|---|
| ശ്രീകൃഷ്ണപുരം ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമാണം | 105415 | 23/19-6-9-2019 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 1/12-1-2022, 17/25-1-2022 എന്നിവയ്ക്ക് ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1,05,415/-രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 1-29 മൂന്ന് പ്രോജക്ടുകളിലൂടെ നിർവ്വഹണം നടത്തിയ ബഹുവർഷ പദ്ധതി നിഷ്ഫലമായി തുടരുന്നു.

മൂന്ന് പ്രോജക്ടുകളിലൂടെ തൻവർഷവും തുടർവർഷത്തിലും നിർവ്വഹണം നടത്തിയ പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ, കരിമ്പുഴ എന്ന പദ്ധതിയുടെ വിശദാംശങ്ങള് ചുവടെ ചേർക്കുന്നു.

പ്രോജക്ട്-1

| | |
|---|---|
| പ്രോജക്ട് നം. , പേര് | SO 109/20- പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ, കരിമ്പുഴ |
| അടങ്കൽ | 1964447 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് , ബിൽ വിവരങ്ങൾ | ചെലവ്- 1961333<br>ബിൽ നം . 41/18-19, 12-3-2019, Rs.1145679 |

| | |
|---|---|
| | ബിൽ നം. 22/19- 6-9-2019, Rs. 289640,<br>ബിൽ നം. 74/19- 11-3-2020, Rs. 526014 |
| കരാറുകാരൻ | ഷിഹാബുദ്ദീൻ .പി.പി. |
| എം. ബുക്ക് നം. | 41/18-19 |
| എഗ്രിമെന്റ് വിവരങ്ങൾ | No. 24/18-19/AEE/LSGD/ SKPM , Dtd. 29-8-2018 |

പ്രോജക്ട്-2

| | |
|---|---|
| പ്രോജക്ട് നം. , പേര് | SO 25/20- പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം, കരിമ്പുഴ |
| അടങ്കൽ | 500000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് , ബിൽ വിവരങ്ങൾ | ചെലവ്- 498982<br>ബിൽ നം . 12/ 23-4-2020, Rs.. 453902<br>ബിൽ നം. 53/27-8-2020, Rs. 45080, |
| കരാറുകാരൻ | ഷിഹാബുദ്ദീൻ .പി.പി. |
| എം. ബുക്ക് നം. | 41/18-19 |
| എഗ്രിമെന്റ് വിവരങ്ങൾ | No. 10/19-20/AEE/LSGD/ SKPM , Dtd. 27-9-2019 |

പ്രോജക്ട്-3

| | |
|---|---|
| പ്രോജക്ട് നം. , പേര് | SO 185/20- പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം, (ഇലക്ട്രിഫിക്കേഷൻ) കരിമ്പുഴ |
| അടങ്കൽ | 75000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് , ബിൽ വിവരങ്ങൾ | ചെലവ്- 56085<br>ബിൽ നം . 112/ 30-3-2021, Rs.. 56085 |
| കരാറുകാരൻ | ഷിഹാബുദ്ദീൻ .പി.പി. |
| എം. ബുക്ക് നം. | 41/20-21 |
| എഗ്രിമെന്റ് വിവരങ്ങൾ | No. 35/20-21AEE/LSGD/ SKPM , Dtd. 14-9-2020 |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കരിമ്പുഴ നദിയിലെ ജലലഭ്യതയുള്ള ഒരു ഭാഗത്ത് നിന്നും വെള്ളം പമ്പ് ചെയ്ത് ഏകദേശം ഒരു കിലോമീറ്റർ അകലെയുള്ള ചോലക്കുറുശ്ശി പഞ്ചായത്ത് കുളത്തിലേക്ക് വെള്ളം എത്തിച്ച് അവിടെ നിന്ന് ചാലുകളിലൂടെ കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിനാണ് പ്രോജക്ട് ഉദ്ദേശിക്കുന്നത്. 2018-19വർഷത്തിൽ രൂപീകരിച്ച് 2020-21വരെ പല വർഷങ്ങളിലായി മൂന്ന് പ്രോജക്ടുകളിലൂടെ പ്രവൃത്തി

നിർവ്വഹിച്ചിട്ടുണ്ടെങ്കിലും നിലവിൽ പുഴയിൽ നിന്ന് ടി കുളത്തിലേക്ക് വെള്ളം പമ്പ് ചെയ്യാൻ സാധിക്കുന്നില്ല. 22-1-2022 ൽ നടത്തിയ സ്ഥലപരിശോധയിൽ ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതി കർഷകർക്ക് യാതൊരു വിധത്തിലും പ്രയോജനപ്പെട്ടിട്ടില്ല.

2) ടി പദ്ധതിയുമായി ബന്ധപ്പെട്ട് തൻവർഷം നടപ്പാക്കിയ പ്രോജക്ടിൽ 730.5 മീറ്റർ നീളത്തിൽ 160 Mm വ്യാസമുള്ള പി.വി.സി. പൈപ്പ് ഇട്ടിട്ടുണ്ട്. ടി ഇനത്തിന്റെ സെപ്സിഫിക്കേഷനിൽ Trenching, Refilling , Testing Of Joints എന്നിവയെല്ലാം ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനുപുറമേ പൈപ്പുകൾ ഇടുന്നതിനായി മൺപണി നടത്തിയതിന് തുക നൽകിയിട്ടുണ്ട്. ഇതിനായി പ്രത്യേകം കാരണങ്ങളൊന്നും എസ്റ്റിമേറ്റിലോ, എം.ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ തൻവർഷം ഇട്ട പൈപ്പുകൾ തികയാതെ വന്നതിനാൽ ക്രമനം . 2 മുഖേന സൂചിപ്പിച്ചിട്ടുള്ള പ്രോജക്ടിലൂടെ തുടർ വർഷത്തിൽ ഇതേ വ്യാസമുള്ള പി.വി.സി. പൈപ്പ് 344m നീളത്തിൽ ഇട്ടിട്ടുണ്ട്.(രണ്ടു വർത്തിലും പൈപ്പ് ഇടുന്നതിനുള്ള ഒബ്സർവ്ഡ് ഡാറ്റ ഒന്നുതന്നെയാണ്) . ടി പ്രോജക്ടിൽ പൈപ്പുകൾ ഇടുന്നതിനായി മൺപണി നടത്തിയിട്ടുമില്ല. അതായത് ഒരേ പ്രവൃതതിക്ക് രണ്ടു വർഷങ്ങളിൽ വിത്യസ്ത രീതിയിൽ സ്പെസിഫിക്കേഷൻ ഉണ്ടാക്കുകയും തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്-1 മുഖേന ചെയ്ത പ്രവൃത്തി

| | |
|---|---|
| പൈപ്പുകൾ ഇട്ടതിന്റെ സ്പെസിഫിക്കേഷൻ | Od.160322/2018-19 Providing And Fixing PVC Pipes With One Step PVC Solvent Cement, Trenching ,Refilling & .Testing Of Joints Complete As Per Direction Of Engineer In Charge 160mm Dia 10kgf/cm2 |
| പൈപ്പുകൾ ഇട്ട നീളം | 730.5m |
| നിരക്ക് | 1097.62/m (As Per Estimate)<br>1070/m (Quoted Rate) |
| പൈപ്പ് ഇടുന്നതിന് വേണ്ടി മൺപണി നടത്തിയ ആകെ നീളം | 627.5+ 103= 730.5m |
| പൈപ്പ് ഇടുന്നതിന് വേണ്ടി മൺപണി നടത്തിയതിന് നൽകിയ തുക | 627.5x302.38+ 103x645.92= 189743.45+66529.76 =256273.21 രൂ. |

പ്രോജക്ട്-2 മുഖേന ചെയ്ത പ്രവൃത്തി

| | |
|---|---|
| പൈപ്പുകൾ ഇട്ടതിന്റെ സ്പെസിഫിക്കേഷൻ | Od. 214888/2019-20 Providing And Fixing PVC Pipes With One Step PVC Solvent Cement, Trenching, Refilling & .Testing Of Joints Complete As Per Direction Of Engineer In Charge 160mm Dia 10kgf/cm2 |

| | |
|---|---|
| പൈപ്പുകൾ ഇട്ട നീളം | 344m |
| നിരക്ക് | 1269/m (As Per Estimate)<br>1269/m (Quoted Rate) |
| പൈപ്പ് ഇടുന്നതിന് വേണ്ടി മൺപണി നടത്തിയ ആകെ നീളം | Nil |
| പൈപ്പ് ഇടുന്നതിന് വേണ്ടി മൺപണി നടത്തിയതിന് നൽകിയ തുക | 0 |

ആയതിനാൽ തൻവർഷത്തെ പ്രോജക്ട് മുഖേന മൺപണിക്ക് നൽകിയ തുക ക്രമപ്രകാരമല്ല. ആയതിനാൽ പൈപ്പുകൾ ഇടുന്നതിനായ മൺപണി നടത്തിയ ഇനത്തിൽ നൽകിയ 256273.21 രൂ. ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3) കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ആകെ 750ഏക്കർ പാടശേഖരത്തിലേക്ക് രണ്ടാം വിള ഇറക്കുന്നതിനുള്ള ജലസേചനം ഇതിലൂടെ സാധ്യമാകും എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 22-1-2022 ൽ നടത്തിയ സ്ഥലപരിശോധയിൽ ടി കുളത്തിന്റെ സമീപത്തെല്ലാം കവുങ്ങ് കൃഷി മാത്രമാണ് കാണുന്നത്. ആയതിനാൽ കാര്യമായി നെൽകൃഷിയൊന്നും ഇല്ലാത്ത ഭാഗത്താണ് ഈ പദ്ധതി നിർവ്വഹിച്ചിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. ആയതിനാൽ കൃത്യമായ സ്ഥലപരിശോധന നടത്താതെയും രേഖകളിലുള്ള വിവരങ്ങളെ മാത്രം അടിസ്ഥാനമാക്കി പദ്ധതി രൂപരേഖ തയ്യാറാക്കിയതായി കാണുന്നു. കൂടാതെ ഇതുവരെ ടി കൃഷി സ്ഥലങ്ങളിലേക്ക് ഈ പദ്ധതിയിലൂടെ വെള്ളം എത്താത്തതിനാൽ ഒരു കൃഷിക്കും പ്രയോജനം ലഭിച്ചിട്ടില്ല എന്നും വ്യക്തമാവുന്നു.

4) കുളത്തിൽ നിന്നും കൃഷി സ്ഥലങ്ങളിലേക്ക് പോകുന്ന ചാലുകൾ വളരെ ഉയർന്നാണ് നിൽക്കുന്നത് . ആയതിനാൽ ഇതിലൂടെ സുഗമമായി ജലനിർമനം സാധ്യമാകുന്ന വിധത്തിലല്ല ചാലുകൾ നിർമിച്ചിട്ടുള്ളത്. ആയതിനാൽ കുളം നിറയുന്ന അവസ്ഥയിൽ വെള്ളം എത്തിയാൽ മാത്രമേ കൃഷി സ്ഥലങ്ങളിലേക്ക് വെള്ളം എത്തുകയുള്ളു. അതായത് എപ്പോഴും വെള്ളം പമ്പ്ചെയ്ത് കുളത്തിന്റെ മുകൾപരപ്പുവരെ വെള്ളം നിലനിർത്തിയാൽ മാത്രമേ പദ്ധതി കൊണ്ട് പ്രോയോജനം ലഭിക്കുകയുള്ളു. ഇതിനായി വളരെയധികം ചെലവുകൾ (കറണ്ട് ചാർജ്, അനുബന്ധ ചെലവുകൾ) വരാൻ സാധ്യതയുള്ള വിധത്തിലാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

5) ടി പ്രോജക്ടിന് ആവശ്യമായ മോട്ടോർ /പമ്പ്സെറ്റ് വാങ്ങിയത് Kerala Agricultural Industries Corporation (KAICO) യിൽ നിന്നാണ്. ഇവർ ഇതു സംബന്ധിച്ച് 4 ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങള് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒന്നാമത്തെ ക്വട്ടേഷനിൽ സൂചിപ്പിച്ചിട്ടുള്ള നിരക്ക് | 520710 |
| രണ്ടാമത്തെ ക്വട്ടേഷനിൽ സൂചിപ്പിച്ചിട്ടുള്ള നിരക്ക് | 391850 |
| മൂന്നാമത്തെ ക്വട്ടേഷനിൽ സൂചിപ്പിച്ചിട്ടുള്ള നിരക്ക് | 533354 |
| നാലാമത്തെ ക്വട്ടേഷനിൽ സൂചിപ്പിച്ചിട്ടുള്ള നിരക്ക് | 526014 |

ഇതിൽ നാലാമത്തെ ക്വട്ടേഷനിൽ സൂചിപ്പിച്ചിട്ടുള്ള പമ്പ്സെറ്റ് ആണ് വാങ്ങിയിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ ഉള്ള ക്വട്ടേഷൻ ഉണ്ടായിട്ടും കൂടുതൽ നിരക്കിൽ പമ്പ്സെറ്റ് വാങ്ങിയത് ക്രമപ്രകാരമല്ല. ഇതിന് പ്രത്യേകം പരിശോധന നടത്തിയതായോ പർച്ചേസിങ്ങ് കമ്മിറ്റി തീരുമാനം ഉള്ളതായോ രേഖകളില്ല.

കൂടാതെ G.O(P)No.7/19/SPD Dated 26-4-2019 പ്രകാരം 25,000/- രൂപക്ക് മുകളിലുള്ള എല്ലാ

സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. GeM ൽ ഇല്ലെങ്കിൽ മാത്രമാണ് മറ്റു വിധത്തിൽ വാങ്ങുന്നതിന് അനുവാദമുള്ളത്. മേൽസൂചിപ്പിച്ച പമ്പ്സെറ്റ് GeM ൽ ലഭ്യമാണോയെന്ന് പരിശോധിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/ 24-1-2022 ന് ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽസൂചിപ്പിച്ച കാരണങ്ങളാൽ ക്രമനം. 2 പ്രകാരം സൂചിപ്പിച്ച നിരാകരിച്ച തുക 2,56,273/- രൂ. ഒഴികെയുള്ള തൻവർഷം ചെലവു തുക 17,05,060/- രൂ. (1961333-256273 ) തടസ്സത്തിൽ വെയ്ക്കുകയും ചെയ്യുന്നു.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അധിക നിരക്കിൽ കമ്പ്യൂട്ടറുകൾ, അനുബന്ധ സാധനങ്ങൾ വാങ്ങിയിരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

തൻവർഷം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. , പേര് | SO 104/20-അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലേക്ക് പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷീൻ , കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ, ഫണ്ടിനം | 100000 – വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 99868 |
| ബിൽ വിവരങ്ങൾ | 16/29-7-2019, Rs. 80297<br>40/18-19/ 12-3-2019, Rs. 19631 |
| തുക നൽകപ്പെട്ട സ്ഥാപനം | നിസ്ഡൺ ഇൻഫോവേ, പെരിന്തൽമണ്ണ |
| വാങ്ങിയ സാധനങ്ങൾ | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ -1, മൾട്ടി ഫങ്ഷൻ പ്രിന്റർ- ലേസർ പ്രിന്റർ -1, കളർ പ്രിന്റർ -1, യുപിഎസ്. 750VA |

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലേക്ക് പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷീൻ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നിസ്ഡൺ ഇൻഫോവേ, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയും

ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1) 18/11/2017 ലെ സ.ഉ. (എം.എസ്.) നം . 24/2017/ITD പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ ,അനുബന്ധ ഉപകരണങ്ങൾ എന്നിവ ഓൺലൈൻ സർക്കാർ പോർട്ടലിലൂടെ (WWW.CPRCS.Kerala.gov.in) മാത്രം വാങ്ങണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാധനങ്ങളുടെയും സ്പെസിഫിക്കേഷന് സമാനമായ സാധനങ്ങൾ ടി പോർട്ടലിൽ ഇല്ലെങ്കിൽ മാത്രമാണ് കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ പ്രതിനിധി ഉൾപ്പെട്ട വകുപ്പ് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ടെണ്ടർ നടത്തുന്നതിന് അനുമതിയുള്ളത്. എന്നാൽ തൻവർഷം ഇത്തരം കാര്യങ്ങൾ ഒന്നും സ്വീകരിക്കാതെ ടെണ്ടറിലൂടെ നേരിട്ട് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുകയാണ് ചെയ്തിരിക്കുന്നത്.

2) നം. ഐ.ടി. സെൽ 1/26/2019/ വി.സ.വി. തീയ്യതി. 18-3-2019 പ്രകാരമുള്ള ഉത്തരവിലെ ഖ. 3 പ്രകാരം ഇതര മാർഗങ്ങളിലൂടെ കൂടിയ വിലയ്ക്ക് കമ്പ്യൂട്ടറുകൾ ,അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങാൻ പാടില്ല എന്നും അപ്രാകാരം നടത്തിയാൽ അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിലേക്ക് വാങ്ങിയ സാധനങ്ങളുടെ വിലയും ഓൺലൈൻ പോർട്ടൽ മുഖേനയുള്ള വിലയും ചുവടെ ചേർക്കുന്നു.

| സാധനത്തിന്റെ വിശദാംശങ്ങൾ | നൽകിയ വില | CPRCS ൽ നിശ്ചയിച്ചിട്ടുള്ള വില. | വില വ്യത്യാസം |
|---|---|---|---|
| ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ -1, | 47448 | 29876 | 17572 |
| മൾട്ടി ഫങ്ഷൻ പ്രിന്റർ- ലേസർ പ്രിന്റർ -1 | 28627 | 14851 | 13776 |
| യൂപിഎസ്. 600VA | 6387 | 2599 | 3788 |
| കളർ പ്രിന്റർ -1, | 17406 | 10176 | 7230 |
| ആകെ വിലയിലുള്ള വ്യത്യാസം | | | 42366 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/22-1-2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഓൺലൈൻ സർക്കാർ പോർട്ടലിലൂടെ (WWW.CPRCS.Kerala.gov.in) മാത്രം വാങ്ങണം എന്ന് അറിവ് ഉണ്ടായിരുന്നില്ല എന്നും മാർച്ച് മാസം ആയതിനാൽ തിരക്കുകൾ മൂലം പെട്ടെന്ന് ചെയ്യേണ്ടി വന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മറുപടി തൃപ്തികരമല്ല.

ആയതിനാൽ വിലവ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ 42,366/- രൂ. ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 മൂന്ന് പ്രോജക്ടുകളിലൂടെ നിർവ്വഹണം നടത്തിയ ബഹുവർഷ പദ്ധതി നിഷ്ഫലമായി തുടരുന്നു.

മൂന്ന് പ്രോജക്ടുകളിലൂടെ തൻവർഷവും തുടർവർഷത്തിലും നിർവ്വഹണം നടത്തിയ പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ , കരിമ്പുഴ എന്ന പദ്ധതിയുടെ വിശദാംശങ്ങള് ചുവടെ ചേർക്കുന്നു.

പ്രോജക്ട്-1

| | |
|---|---|
| പ്രോജക്ട് നം. , പേര് | SO 109/20- പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ, കരിമ്പുഴ |
| അടങ്കൽ | 1964447 (വികസനഫണ്ട് പൊതുവിഭാഗം) |

| | |
|---|---|
| ചെലവ് , ബിൽ വിവരങ്ങൾ | ചെലവ്- 1961333<br>ബിൽ നം . 41/18-19, 12-3-2019, Rs.1145679<br>ബിൽ നം. 22/19- 6-9-2019, Rs. 289640,<br>ബിൽ നം. 74/19- 11-3-2020, Rs. 526014 |
| കരാറുകാരൻ | ഷിഹാബുദ്ദീൻ .പി.പി. |
| എം. ബുക്ക് നം. | 41/18-19 |
| എഗ്രിമെന്റ് വിവരങ്ങൾ | No. 24/18-19/AEE/LSGD/ SKPM , Dtd. 29-8-2018 |

പ്രോജക്ട്-2

| | |
|---|---|
| പ്രോജക്ട് നം. , പേര് | SO 25/20- പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം, കരിമ്പുഴ |
| അടങ്കൽ | 500000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് , ബിൽ വിവരങ്ങൾ | ചെലവ്- 498982<br>ബിൽ നം . 12/ 23-4-2020, Rs.. 453902<br>ബിൽ നം. 53/27-8-2020, Rs. 45080, |
| കരാറുകാരൻ | ഷിഹാബുദ്ദീൻ .പി.പി. |
| എം. ബുക്ക് നം. | 41/18-19 |
| എഗ്രിമെന്റ് വിവരങ്ങൾ | No. 10/19-20/AEE/LSGD/ SKPM , Dtd. 27-9-2019 |

പ്രോജക്ട്-3

| | |
|---|---|
| പ്രോജക്ട് നം. , പേര് | SO 185/20- പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം, (ഇലക്ട്രിഫിക്കേഷൻ) കരിമ്പുഴ |
| അടങ്കൽ | 75000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് , ബിൽ വിവരങ്ങൾ | ചെലവ്- 56085<br>ബിൽ നം . 112/ 30-3-2021, Rs.. 56085 |
| കരാറുകാരൻ | ഷിഹാബുദ്ദീൻ .പി.പി. |
| എം. ബുക്ക് നം. | 41/20-21 |
| എഗ്രിമെന്റ് വിവരങ്ങൾ | No. 35/20-21AEE/LSGD/ SKPM , Dtd. 14-9-2020 |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കരിമ്പുഴ നദിയിലെ ജലലഭ്യതയുള്ള ഒരു ഭാഗത്ത് നിന്നും വെള്ളം പമ്പ് ചെയ്ത് ഏകദേശം ഒരു കിലോമീറ്റർ അകലെയുള്ള ചോലക്കുറുശ്ശി പഞ്ചായത്ത് കുളത്തിലേക്ക് വെള്ളം എത്തിച്ച് അവിടെ നിന്ന്

ചാലുകളിലൂടെ കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിനാണ് പ്രോജക്ട് ഉദ്ദേശിക്കുന്നത്. 2018-19 വർഷത്തിൽ രൂപീകരിച്ച് 2020-21 വരെ പല വർഷങ്ങളിലായി മൂന്ന് പ്രോജക്ടുകളിലൂടെ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ടെങ്കിലും നിലവിൽ പുഴയിൽ നിന്ന് ടി കുളത്തിലേക്ക് വെള്ളം പമ്പ് ചെയ്യാൻ സാധിക്കുന്നില്ല. 22-1-2022 ൽ നടത്തിയ സ്ഥലപരിശോധയിൽ ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതി കർഷകർക്ക് യാതൊരു വിധത്തിലും പ്രയോജനപ്പെട്ടിട്ടില്ല.

2) ടി പദ്ധതിയുമായി ബന്ധപ്പെട്ട് തൻവർഷം നടപ്പാക്കിയ പ്രോജക്ടിൽ 730.5 മീറ്റർ നീളത്തിൽ 160 Mm വ്യാസമുള്ള പി.വി.സി. പൈപ്പ് ഇട്ടിട്ടുണ്ട്. ടി ഇനത്തിന്റെ സെപ്സിഫിക്കേഷനിൽ Trenching, Refilling , Testing Of Joints എന്നിവയെല്ലാം ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനുപുറമേ പൈപ്പുകൾ ഇടുന്നതിനായി മൺപണി നടത്തിയതിന് തുക നൽകിയിട്ടുണ്ട്. ഇതിനായി പ്രത്യേകം കാരണങ്ങളൊന്നും എസ്റ്റിമേറ്റിലോ, എം.ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ തൻവർഷം ഇട്ട പൈപ്പുകൾ തികയാതെ വന്നതിനാൽ ക്രമ നം. 2 മുഖേന സൂചിപ്പിച്ചിട്ടുള്ള പ്രോജക്ടിലൂടെ തുടർ വർഷത്തിൽ ഇതേ വ്യാസമുള്ള പി.വി.സി. പൈപ്പ് 344 M നീളത്തിൽ ഇട്ടിട്ടുണ്ട്.(രണ്ടു വർത്തിലും പൈപ്പ് ഇടുന്നതിനുള്ള ഒബ്സർവ്ഡ് ഡാറ്റ ഒന്നുതന്നെയാണ്) . ടി പ്രോജക്ടിൽ  പൈപ്പുകൾ ഇടുന്നതിനായി മൺപണി നടത്തിയിട്ടുമില്ല. അതായത് ഒരേ പ്രവൃത്തിക്ക് രണ്ടു വർഷങ്ങളിൽ വ്യത്യസ്ത രീതിയിൽ സ്പെസിഫിക്കേഷൻ ഉണ്ടാക്കുകയും തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്-1 മുഖേന ചെയ്ത പ്രവൃത്തി

| | |
|---|---|
| പൈപ്പുകൾ ഇട്ടതിന്റെ സ്പെസിഫിക്കേഷൻ | Od.160322/2018-19 Providing And Fixing PVC Pipes With One Step PVC Solvent Cement, Trenching ,Refilling & .Testing Of Joints Complete As Per Direction Of Engineer In Charge 160mm Dia 10kgf/cm2 |
| പൈപ്പുകൾ ഇട്ട നീളം | 730.5m |
| നിരക്ക് | 1097.62/m (As Per Estimate)<br>1070/m (Quoted Rate) |
| പൈപ്പ് ഇടുന്നതിന് വേണ്ടി മൺപണി നടത്തിയ ആകെ നീളം | 627.5+ 103= 730.5m |
| പൈപ്പ് ഇടുന്നതിന് വേണ്ടി മൺപണി നടത്തിയതിന് നൽകിയ തുക | 627.5x302.38+ 103x645.92= 189743.45+66529.76 =256273 രൂ. |

പ്രോജക്ട്-2 മുഖേന ചെയ്ത പ്രവൃത്തി

| | |
|---|---|
| പൈപ്പുകൾ ഇട്ടതിന്റെ സ്പെസിഫിക്കേഷൻ | Od. 214888/2019-20 Providing And Fixing PVC Pipes With One Step PVC Solvent Cement, Trenching ,Refilling & .Testing Of |

| | |
|---|---|
| | Joints Complete As Per Direction Of Engineer In Charge 160mm Dia 10kgf/cm2 |
| പൈപ്പുകൾ ഇട്ട നീളം | 344m |
| നിരക്ക് | 1269/m (As Per Estimate)<br>1269/m (Quoted Rate) |
| പൈപ്പ് ഇടുന്നതിന് വേണ്ടി മൺപണി നടത്തിയ ആകെ നീളം | Nil |
| പൈപ്പ് ഇടുന്നതിന് വേണ്ടി മൺപണി നടത്തിയതിന് നൽകിയ തുക | 0 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/ 24-1-2022 ന് ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ തൻവർഷത്തെ പ്രോജക്ട് മുഖേന മൺപണിക്ക് നൽകിയ തുക ക്രമപ്രകാരമല്ല. ആയതിനാൽ പൈപ്പുകൾ ഇടുന്നതിനായ മൺപണി നടത്തിയ ഇനത്തിൽ നൽകിയ 2,56,273/- രൂ. ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഗ്രോബാഗ് വിതരണം -സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് ഏറ്റെടുത്തു

ഗൃഹമിത്ര-വായനശാലകളുമായി ചേർന്ന് പച്ചക്കറി കൃഷി എന്ന പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ -79

അടങ്കൽ -487500 (പദ്ധതി വിഹിതം (ജനറൽ)-357500

ഗുണഭോക്തൃ വിഹിതം -130000)

ചെലവ് -357500 (ബിൽ നമ്പർ -2/19-20 Dt 20.1.20)

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

പ്രസ്തുത പ്രൊജക്ട് പ്രകാരം 357500 രൂപ താഴെ പറയുന്ന സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | ശ്രീകൃഷ്ണപുരം ബ്ലോക്ക് തല പച്ചക്കറി ഫെഡറേറ്റഡ് സമിതി-മാർക്കറ്റ് | 0741101031437 | 178750 |
| 2 | ഹരിത വെജിറ്റബിൾ ക്ലസ്റ്റർ കുളക്കാട്ടുകുർശ്ശി | 0741101031312 | 178750 |
| ആകെ | | | 357500 |

താഴെ പറയുന്ന 13 വായനശാലകൾക്ക് പച്ചക്കറി വിത്തുകൾ ചേർത്ത ഗ്രോബാഗുകൾ (Coirpith -750 Kg, Compost/vermicompost -150 Kg, Bonemeal-50 Kg,Neemcake-50 Kg, Boron -7.5 Kg, Vegetable

Seedlings-1000 Nos) 500 എണ്ണം വീതം നൽകിയിട്ടുണ്ട്.

| ക്രമ നം. | വായനശാലയുടെ പേര് | വാങ്ങിയ സ്ഥാപനത്തിന്റെ പേര് | ആകെ തുക | നൽകിയ സബ്സിഡി |
|---|---|---|---|---|
| 1 | EMS വായനശാല പുലാപ്പറ്റ | ശ്രീകൃഷ്ണപുരം ബ്ലോക്ക് തല പച്ചക്കറി ഫെഡറേറ്റഡ് സമിതി-മാർക്കറ്റ് | 37500 | 27500 |
| 2 | യുവചേതന ഗ്രാമീണ വായനശാല കല്ലുക്കിലിയാട് | ശ്രീകൃഷ്ണപുരം ബ്ലോക്ക് തല പച്ചക്കറി ഫെഡറേറ്റഡ് സമിതി-മാർക്കറ്റ് | 37500 | 27500 |
| 3 | യുവശക്തി വായനശാല കല്ലുക്കിലിയാട് | ശ്രീകൃഷ്ണപുരം ബ്ലോക്ക് തല പച്ചക്കറി ഫെഡറേറ്റഡ് സമിതി-മാർക്കറ്റ് | 37500 | 27500 |
| 4 | EMS സാംസ്കാരിക കേന്ദ്രം, കാരാകുർശ്ശി | ശ്രീകൃഷ്ണപുരം ബ്ലോക്ക് തല പച്ചക്കറി ഫെഡറേറ്റഡ് സമിതി-മാർക്കറ്റ് | 37500 | 27500 |
| 5 | അനശ്വര വായനശാല കടമ്പഴിപ്പുറം | ശ്രീകൃഷ്ണപുരം ബ്ലോക്ക് തല പച്ചക്കറി ഫെഡറേറ്റഡ് സമിതി-മാർക്കറ്റ് | 37500 | 27500 |
| 6 | മഹാത്മ ദേശീയ വായനശാല കടമ്പഴിപ്പുറം | ശ്രീകൃഷ്ണപുരം ബ്ലോക്ക് തല പച്ചക്കറി ഫെഡറേറ്റഡ് സമിതി-മാർക്കറ്റ് | 37500 | 27500 |
| 7 | ഭാരതി വായനശാല മണ്ണമ്പറ്റ | ശ്രീകൃഷ്ണപുരം ബ്ലോക്ക് തല പച്ചക്കറി ഫെഡറേറ്റഡ് സമിതി-മാർക്കറ്റ് | 18750 | 13750 |
| | ഭാരതി വായനശാല മണ്ണമ്പറ്റ | ഹരിത വെജിറ്റബിൾ ക്ലസ്റ്റർ | 18750 | 13750 |

| | | | | |
|---|---|---|---|---|
| | | കുളക്കാട്ടുകുർശ്ശി | | |
| 8 | പ്രഭാതം വായനശാല കല്ലുവഴി | ഹരിത വെജിറ്റബിൾ ക്ലസ്റ്റർ കുളക്കാട്ടുകുർശ്ശി | 37500 | 27500 |
| 9 | പൊതുജന വായനശാല അടക്കാപുത്തൂർ | ഹരിത വെജിറ്റബിൾ ക്ലസ്റ്റർ കുളക്കാട്ടുകുർശ്ശി | 37500 | 27500 |
| 10 | TKD പൊതുജന വായനശാല ശ്രീകൃഷ്ണപുരം | ഹരിത വെജിറ്റബിൾ ക്ലസ്റ്റർ കുളക്കാട്ടുകുർശ്ശി | 37500 | 27500 |
| 11 | പൊതുജന വായനശാല മംഗലാംകുന്ന് | ഹരിത വെജിറ്റബിൾ ക്ലസ്റ്റർ കുളക്കാട്ടുകുർശ്ശി | 37500 | 27500 |
| 12 | PCN നമ്പൂതിരിപ്പാട് സ്മാരക പൊതുജന വായനശാല | ഹരിത വെജിറ്റബിൾ ക്ലസ്റ്റർ കുളക്കാട്ടുകുർശ്ശി | 37500 | 27500 |
| 13 | നവജ്യോതി വായനശാല കല്ലുവഴി | ഹരിത വെജിറ്റബിൾ ക്ലസ്റ്റർ കുളക്കാട്ടുകുർശ്ശി | 37500 | 27500 |
| | | | 487500 | 357500 |

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ, തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.11 പ്രകാരം ഗ്രോബാഗ് വിതരണം പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളു. 1994ലെ കേരള പഞ്ചായത്ത്രാജ് നിയമം 4-ാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ കൃഷിക്ക് ഏറ്റെടുക്കാവുന്ന ചുമതലകളിൽ ഗ്രോബാഗ് വിതരണം ഉൾപ്പെടുന്നില്ല. മേൽ പറഞ്ഞ വസ്തുതകളിന്മേൽ വിശദീകരണമോ രേഖകളോ ഹാജരാക്കാനുള്ള പക്ഷം ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/15.1.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ പദ്ധതി മാർഗ്ഗ രേഖയ്ക്കു വിരുദ്ധമായി നടപ്പാക്കിയ ഈ പ്രൊജക്ടിന്റെ ചെലവ് 3,57,500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പദ്ധതിമാർഗ്ഗ രേഖയ്ക്കു വിരുദ്ധമായി പ്രൊജക്ടുകൾ നിർവ്വഹണം നടത്തി-ചെലവ് അംഗീകരിക്കുന്നില്ല

CDPO ശ്രീകൃഷ്ണപുരം - നിർവഹിച്ച താഴെ പറയുന്ന പ്രൊജക്ടുകൾ-സബ്സിഡി മാർഗ്ഗ രേഖയ്ക്കു വിരുദ്ധമാണ്. പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| I.പ്രൊജക്ട് | 51/20 |

<table>
<tr><td>നമ്പർ</td><td colspan="2"></td></tr>
<tr><td>പ്രൊജക്ടിന്റെ പേര്</td><td colspan="2">സ്നേഹിത-കൗമാരക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യ പരിശോധന & കൗൺസലിംഗ്</td></tr>
<tr><td>അടങ്കൽ</td><td colspan="2">200000 /- പ്ലാൻ (ജനറൽ)</td></tr>
<tr><td rowspan="3">ചെലവ്</td><td rowspan="3">200000/-</td><td>ട്രഷറി ബിൽ നം. 10/19-20 Dt 29.2.20 Rs 1,00,000</td></tr>
<tr><td>ട്രഷറി ബിൽ നം. 27/19-20 Dt 13.3.20 Rs 25070</td></tr>
<tr><td>ട്രഷറി ബിൽ നം. 28/19-20 Dt 13.3.20 Rs74930</td></tr>
<tr><td>ട്രഷറി ബിൽ നം. 10/19-20 Dt 29.2.20 Rs 1,00,000</td><td colspan="2">(1) 10 ഹൈസ്കൂളുകളിൽ 1 സ്കൂളിന് 25 ക്ലാസ് വീതം (@400) 250കരാട്ടെ ക്ലാസുകൾ നടത്തിയതിന് 100000 രൂപ ജിഷ്ണു.എ എന്നവരുടെ അക്കൗണ്ടിലേക്ക് (1536101111536) നൽകിയിട്ടുണ്ട്.</td></tr>
<tr><td rowspan="4">ട്രഷറി ബിൽ നം. 27/19-20 Dt 13.3.20 Rs 25070</td><td>Rs 3500</td><td>Unni Decoration Sound & Cattering, Punchapadam</td></tr>
<tr><td>Rs 16000</td><td>Krishna Catering Services,Thiruvazhiyode</td></tr>
<tr><td>Rs 820</td><td>My Print, Sreekrishnapuram</td></tr>
<tr><td>Rs 4750</td><td>Ansari Offset Press, Mannarkkad</td></tr>
<tr><td rowspan="9">ട്രഷറി ബിൽ നം. 28/19-20 Dt 13.3.20 Rs74930 (SNACKS)</td><td>Rs 8943</td><td>HM, MNKMGHSS, PULAPPATTA</td></tr>
<tr><td>Rs 13414</td><td>HM, SABARI, PALLIKURUP</td></tr>
<tr><td>Rs 8924</td><td>PRINCIPAL IN CHARGE AKNMMA MEMORIAL HSS</td></tr>
<tr><td>Rs 3605</td><td>HM GHS MUNNURCODE</td></tr>
<tr><td>Rs 6587</td><td>GHSS, VELLINEZHI</td></tr>
<tr><td>Rs 9334</td><td>HSS, SREEKRISHNAPURAM</td></tr>
<tr><td>Rs 9459</td><td>GHSS, KARAKURISSI</td></tr>
<tr><td>Rs 7589</td><td>HSS THOTTARA</td></tr>
<tr><td>Rs 7075</td><td>SABARI PTBS HS ADAKKAPUTHUR</td></tr>
</table>

<table>
<tr><td>II.പ്രൊജക്ട് നമ്പർ</td><td>52/20</td></tr>
<tr><td>പ്രൊജക്ടിന്റെ പേര്</td><td>ഒരുക്കം -പ്രീ മാര്യേജ് & പോസ്റ്റ് മാര്യേജ് കൗൺസലിംഗ്</td></tr>
<tr><td>അടങ്കൽ</td><td>50000 /- പ്ലാൻ (ജനറൽ)</td></tr>
</table>

| | | |
|---|---|---|
| ചെലവ് | 34000/- | ട്രഷറി ബിൽ നം. 8/19-20 Dt 27.2.20 |
| വിശദാംശങ്ങൾ | കൗമാരക്കാരായ കുട്ടികൾക്ക് കൗൺസലിംഗ് നടത്തിയതിനായി അഞ്ജലി.ടി.എസ് (അക്കൗണ്ട് നമ്പർ-1536101109292), ലിജാരാജ് (അക്കൗണ്ട് നമ്പർ-4026710101024654) എന്നവർക്ക് തുക നൽകിയത് | |

| | | |
|---|---|---|
| III.പ്രൊജക്ട് നമ്പർ | 100/20 | |
| പ്രൊജക്ടിന്റെ പേര് | സ്നേഹിത-കൗമാരക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യ പരിശോധന & കൗൺസലിംഗ് | |
| അടങ്കൽ | 15501 /- പ്ലാൻ (ജനറൽ) | |
| ചെലവ് | 12500/- | ട്രഷറി ബിൽ നം. 2/19-20 Dt 27.7.19 |
| വിശദാംശങ്ങൾ | കടമ്പഴിപ്പുറം, പൂക്കോട്ടുക്കാവ്, വെള്ളിനേഴി പഞ്ചായത്തുകളിൽ 24 ദിവസം യോഗ ക്ലാസ് നടത്തിയതിന് (@250) 6000 രൂപ ബിന്ദു.എം (0831101059955) എന്നവർക്കും കരിമ്പുഴ, കാരാകുർശ്ശി, ശ്രീകൃഷ്ണപുരം പഞ്ചായത്തുകളിൽ 26 ദിവസം യോഗ ക്ലാസ് നടത്തിയതിന് ജിഷ.സി (0847101050273) എന്നവർക്ക് 6500 രൂപയും നൽകി. | |

ഈ പ്രൊജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

(1) പതിമൂന്നാം പദ്ധതി - പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ- സ.ഉ. (കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29.01.2018 - ഖണ്ഡിക 3.5.6 – 1 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കുറഞ്ഞത് 5,00,000/- രൂപയെങ്കിലും അടങ്കലുള്ള പ്രൊജക്ടുകളേ ഏറ്റെടുക്കാൻ പാടുള്ളൂ, എന്നിരിക്കെ 5,00,000/- രൂപ അടങ്കലിൽ കുറവുള്ള മുകളിൽ പറഞ്ഞ പ്രൊജക്ടുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കി.

(2) സ.ഉ.(കൈ) 22/18 , ത.സ്വ.ഭ.വ, തീയ്യതി 14.2.18 -ലെ 7.4.4 കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് നടത്തുന്നത് സംബന്ധിച്ച് നടപടികൾ വിശദമാക്കിയിട്ടുണ്ട്.

(3) മേൽ ഉത്തരവ് ഖണ്ഡിക 7.4.3 ൽ വിദ്യാർത്ഥിനികളുടേയും വനിതകളുടേയും സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും സഹായകമായ വിധത്തിൽ ജെൻഡർ ഡെസ്ക് രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണെന്ന് വിശദമാക്കിയിട്ടുണ്ട്. അപ്രകാരം ജെൻഡർ ഡെസ്ക് രൂപീകരിക്കാതെയും , ഗ്രാമ പഞ്ചായത്തുകളിൽ നിന്ന നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെയും പദ്ധതി നടപ്പിലാക്കി.

(4) മേൽ ഉത്തരവ് 7.4.1 ഖണ്ഡികയിൽ ജെൻഡർ റിസോഴ്സ് സെന്ററിലൂടെ വേണം പരിശീലനവും അതുമായി ബന്ധപ്പെട്ട മൊഡ്യൂൾ തയ്യാറാക്കേണ്ടതും. അപ്രകാരം ചെയ്തിട്ടില്ല.

(5) മേൽ ഉത്തരവ്7.4.1- ൽ -7 ൽ കൗമാരക്കാരായപെൺകുട്ടികളുടെ കൗൺസിലിംഗിന്

നിയോഗിക്കുന്നവരുടെ പ്രതിമാസ അവലോകന യോഗം ചേരേണ്ടതും റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടി സ്വീകരിക്കേണ്ടതുമാണെന്ന് വിശദമാക്കയിട്ടുണ്ട്. അപ്രകാരം ചെയ്തിട്ടില്ല.

(6) മേൽ ഉത്തരവ് 7.4.1-ൽ 9 – ഓരോ വർഷാവസാനവും അവസ്ഥാ വിശകലന റിപ്പോർട്ടും പെർഫോമൻസ് അവലോകന റിപ്പോർട്ടും പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.
(7) മേൽ ഉത്തരവ് 7.4.1.-10 ൽ ജെൻഡർ ഓഡിറ്റ് നടത്തേണ്ടതാണെന്ന് വിശദമാക്കിയിട്ടുണ്ട്. അപ്രകാരം ചെയ്തിട്ടില്ല.

(8) മേൽ ഉത്തരവ് 7.4.- 2 ൽ 2 – ജാഗ്രതാ സമിതി നേതൃത്വത്തിൽ കൗൺസിലിംഗിന് സഹായകരമായ വിധത്തിൽ ജെൻഡർ ഡെസ്ക് രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണെന്ന് വിശദമാക്കിയിട്ടും അപ്രകാരം ചെയ്തിട്ടില്ല.

(9) സ.ഉ. (കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29.01.2018 -ഖണ്ഡിക 6.3.8 പ്രകാരം കരാട്ടെ, യോഗ തുടങ്ങിയവ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമേ ഏറ്റെടുക്കാവൂ എന്ന വ്യക്തമാക്കിയിട്ടുണ്ട്.

മേൽ വസ്തുതകളിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/18.01.22) മറപടിയൊന്നും ഹാജരാക്കിയില്ല. ആയതിനാൽ സബ്സിഡി മാർഗ്ഗ രേഖക്ക വിരുദ്ധമായി നടപ്പാക്കിയ ഈ പ്രൊജക്റ്റിന്റെ ചെലവ് 2,46,500/- (200000+34000+12500) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി മുട്ടക്കോഴി വളർത്തൽ പദ്ധതി ഏറ്റെടുത്തത് സംബന്ധിച്ച്

സുഭിക്ഷ കുടുംബശ്രീ/എസ്.എച്ച്.ജി യൂണിറ്റുകൾക്ക് മുട്ടക്കോഴി വളർത്തൽ ധനസഹായം നൽകൽ എന്ന പ്രൊജക്റ്റ് സംബന്ധമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്റ്റ് നമ്പർ -93

അടങ്കൽ - 90000

ചെലവ് -90000

ബിൽ നമ്പർ- 4/29.6.19

പട്ടികജാതി വിഭാഗം വനിതകളുടെ സ്വയം സഹായ സംഘങ്ങൾക്ക് 5 പേർ വീതമുള്ള ഒരു കുടുംബശ്രീ യൂണിറ്റുകൾക്ക് 60000 രൂപ മതിപ്പുചെലവിൽ 50% ബ്ലോക്ക് പഞ്ചായത്ത് സബ്സിഡിയും 50% ബാങ്ക് ലോണും ആണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

താഴെ പറയുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് 30000 രൂപ വീതം സബിസിഡി നല്കിയിട്ടുണ്ട്.

| എസ്.എച്ച്.ജി പേര് | അക്കൗണ്ട് നമ്പർ | സബ്സിഡി നൽകിയ തുക |
|---|---|---|
| അക്ഷയ അയൽക്കൂട്ടം കടമ്പഴിപ്പുറം | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കടമ്പഴിപ്പുറം 31021545134 | 30000 |
| ആര്യ (അക്ഷര) അയൽക്കൂട്ടം കാരാകുർശ്ശി | കാനറ ബാങ്ക് കാരാകുർശ്ശി 5508296000002 | 30000 |
| സ്നേഹദീപം അയൽക്കൂട്ടം ശ്രീകൃഷ്ണപുരം | കാനറ ബാങ്ക് ശ്രീകൃഷ്ണപുരം 0741296000003 | 30000 |

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2 പ്രകാരം മുട്ടക്കോഴി വിതരണം പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളൂ. 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം 4-ാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ മൃഗസംരക്ഷണവും ക്ഷീരോൽപ്പാദനവും ഏറ്റെടുക്കാവുന്ന ചുമതലകളിൽ മുട്ടക്കോഴി വളർത്തൽ ഉൾപ്പെടുന്നില്ല.

ഇത് സംബന്ധിച്ച് വിശദീകരണമോ രേഖകളോ ഹാജരാക്കാനുള്ള പക്ഷം ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/25.1.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ പദ്ധതി മാർഗ്ഗ രേഖക്കു വിരുദ്ധമായി നടപ്പാക്കിയ ഈ പ്രൊജക്ടിന്റെ ചെലവ് 90,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി എന്ന പദ്ധതി നിർവഹണം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | S007/19-20 , ഗോശ്രീ- വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി |
| അടങ്കൽ | 60,00,000/-<br>24,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം)<br>36,00,000/- (ബാങ്ക് വിഹിതം) |
| ചെലവ് | 4,00,000/- |
| നിർവഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ബിൽ നമ്പർ | 1.ബിൽ നമ്പർ 28/19-20 Dated 30.01.2020- (Amount 2,00,000/-)<br>2.ബിൽ നമ്പർ 29/19-20 Dated 30.01.2020 (Amount 2,00,000/-) |

വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി എന്ന പദ്ധതിയിൽ പത്ത് പേർ വീതമുള്ള ആറ് ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് ഒരു ഗ്രൂപ്പിന് 2,00,000/- രൂപ വീതം തൊഴുത്ത് നിർമ്മാണത്തിനും 2,00,000/- രൂപ വീതം കറവപ്പശുക്കളെ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനുമാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

ഇത് പ്രകാരം ആറ് ജെ.എൽ.ജി ഗ്രൂപ്പുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇവ

1.ഗായത്രി ജെ.എൽ.ജി

2.ഗോവർദ്ധിനി ജെ.എൽ.ജി

3.കാമധേനു ജെ.എൽ.ജി

4.അമൃതവർഷിണി ജെ.എൽ.ജി

5.ഗോകുലം ജെ.എൽ.ജി

6.ഗോമതി ജെ.എൽ.ജി

ഇതിൽ 2019-20 വർഷം കാമധേനു, അമൃതവർഷിണി എന്നീ ഗ്രൂപ്പുകൾക്ക് തൊഴുത്ത് നിർമ്മാണത്തിനായി 2,00,000/- രൂപ വീതം സബ്സിഡി നൽകിയിട്ടുമുണ്ട്. ടി പദ്ധതി നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം പ്രൊജക്റ്റുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതല്ല.

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2.1 പ്രകാരം കറവപ്പശു വിതരണം പ്രൊജക്റ്റുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളു. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുക്കാവുന്നതല്ല.

2.തൊഴുത്ത് നിർമ്മാണം പദ്ധതിയുടെ ഭാഗമാക്കാൻ പാടുള്ളതല്ല .

സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2. മാനദണ്ഡങ്ങൾ പ്രകാരം തൊഴുത്ത് പുനരുദ്ധാരണം, കൂട് നിർമ്മാണം പ്രൊജക്റ്റിന്റെ ഭാഗമാക്കാൻ പാടില്ലാത്തതാണ്. എന്നാൽ ഇവ മേൽ പദ്ധതിയിലുൾപ്പെടുത്തി ഒരു ഗ്രൂപ്പിന് 2,00,000/- രൂപ വീതം തൻവർഷം 4,00,000/- രൂപ തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡിയായി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08/19.01.2022 ന് മറുപടിയായി ജില്ലാതല അപ്പലേറ്റ് കമ്മറ്റി അംഗീകരിച്ച പദ്ധതി ക്ഷീരവികസനഓഫീസർ നടപ്പിലാക്കുകമാത്രമാണ് ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. ഡയറി യൂണിറ്റുകൾക്ക് തൊഴുത്ത് അവിഭാജ്യ ഘടകമായതിനാലും മുൻവർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയായതുകൊണ്ടാണ് തൻവർഷവും നടപ്പിലാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,00,000/- രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

അനുബന്ധം 1 ആയി റിപ്പോർട്ടിന്റെ ഒപ്പം ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2019-20 | 589 | 2330000 | ഐ.എ.വൈ | 2326400 | 4189 |
| | | 0 | 139000 | അയ്യങ്കാളി സാംസ്കാരിക കേന്ദ്രം | 139000 | 0 |
| | | 0 | 115000 | ലൈഫ് പദ്ധതി | 107000 | 8000 |
| | | | | | | |
| ആകെ | | 589 | 2584000 | | 2572400 | 12189 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പർ പ്രൊജക്ടിന്റെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. തുക | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 94/20 വെള്ളിനേഴി പഞ്ചായത്തിലെ കിഴക്കേപ്പുരക്കൽ കോളനിയിൽകേരള വാട്ടർ അതോറിറ്റിയിൽ നിന്നും പൈപ്പ് ലൈൻ കണക്ഷൻ | BillNo. 10/27.7.19 | 310000/- | 0 | 310000 |
| | 148/20 തെളിനീർ പട്ടികജാതി വീട്ടുകളിലേക്ക് കുടിവെള്ള പദ്ധതി വെള്ളിനേഴി പഞ്ചായത്തിലെ നട്ടുപോക്കിൽ കോരംപറമ്പ് ലക്ഷംവീട് കാരയിൽ പോട്ടത്തിൽ മായംകുളം എന്നീ കോളനിയിലേക്ക് കുടിവെള്ള പദ്ധതി | Bill No-23/31.10.19 | 950000 | 0 | 950000 |
| | 166/20 തെളിനീർ പട്ടികജാതി കോളനികളിലെ വീട്ടുകളിലേക്ക് കുടിവെള്ള പദ്ധതി ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ മേക്കൊട്ടിൽ, തേക്കിൻകാട്ടിൽ മുന്നാഴിക്കുന്ന് മഠത്തിൽത്തൊടി വാക്കട വടക്കേക്കര കോളനികൾ | Bill No-24/31.10.19 | 1500000 | 0 | 1500000 |

| | | | | | |
|---|---|---|---|---|---|
| | 45/20 പൂക്കോട്ടുക്കാവ് പഞ്ചായത്തിലെ വള്ളിക്കാട്ട് കോളനിയിലേക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും പൈപ്പ് ലൈൻ ദീർഘിപ്പിച്ച് പട്ടികജാതി കോളനിയിലെ പട്ടികജാതി ഗുണഭോക്താക്കൾക്ക് കുടിവെള്ളകണക്ഷൻ നൽകൽ | Bill No-25/31.10.19 | 530000 | 0 | 530000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല.

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 25638613 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 64804199 |
| ആകെ | 90442812 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 77654677 |
| നീക്കിയിരിപ്പ് | 12788135 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1458191 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2643339 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 42366 | ശ്രീമതി. നിർമല, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 256273 | ശ്രീമതി നിർമല, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 357500 | ശ്രീ താർഷ്യസ് മോഹൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-4 | | 234000 | ശുഭ കെ നായർ, ശിശു വികസന പദ്ധതി ഓഫീസർ |
| 3-4 | | 12500 | ജിജി ജോൺ, ശിശു വികസന പദ്ധതി ഓഫീസർ |
| 3-5 | | 90000 | കെ. വിനോദ് കുമാർ , സെക്രട്ടറി |
| 3-6 | | 4,00,000 | ശ്രീമതി.നന്ദിനി.ടി,ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | | 1392639 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 43750 | ശുഭ കെ നായർ, ശിശു വികസന പദ്ധതി ഓഫീസർ |

| | | |
|---|---|---|
| 1-16 | 731612 | ശുഭ കെ നായർ, ശിശു വികസന പദ്ധതി ഓഫീസർ |
| 1-27 | 57502 | ശ്രീമതി നിർമല, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-28 | 105415 | ശ്രീമതി നിർമല, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-29 | 1179046 | ശ്രീമതി നിർമല, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 526014 | ശ്രീ.കെ. കൃഷ്ണൻകുട്ടി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 2643339 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 22499 | ശ്രീമതി. നിർമല, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 19644 | ശ്രീ. കെ. കൃഷ്ണൻകുട്ടി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-26 | 23409 | ശ്രീമതി നിർമല, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 65552 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. കെ. നിർമല, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | സദ്ഗുരു യോഗാശ്രമത്തിന് എതിർവശം , വിളയോടി, ചിറ്റൂർ, പാലക്കാട് , |

| | | |
|---|---|---|
| | | പിൻ 678103 |
| ശ്രീ. കെ.ടി.കൃഷ്ണൻ കുട്ടി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 64/251- കൃഷ്ണ ഗീതം, കുന്നത്താഴത്ത്, ഷൊർണ്ണൂർ പിൻ 679121 |
| താർഷ്യസ് മോഹൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | മറിയാസ്, നം. 6/124, ഖാൻ സ്ട്രീറ്റ് , ചൂളമേട്, കോയമ്പത്തൂർ പിൻ. 600094 |
| ശുഭ കെ നായർ, ശിശു വികസന പദ്ധതി ഓഫീസർ | ശിശു വികസന പദ്ധതി ഓഫീസർ | എളേച്ചിൽ വീട് , കണയന്നൂർ ചോറ്റാനിക്കര |
| ശ്രീ.കെ. വിനോദ് കുമാർ , സെക്രട്ടറി | സെക്രട്ടറി, ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | അനഘം, പോളി ഗാർഡൻ റോഡ് ലക്കിടി, ഒറ്റപ്പാലം |
| ശ്രീമതി.നന്ദിനി.ടി , ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | വിദ്യാഭവൻ, അവണൂർ പി.ഓ, തൃശ്ശൂർ |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | LF.P6/25/2000/16.10.2000 | പുനരഭിപ്രായം |
| 1999-00 | LF.P8/1662/08/17.4.2009 | പുനരഭിപ്രായം |
| 2000-01 | LF.P6/1137/2003/13.2.2004 /10.3.2004 | പുനരഭിപ്രായം |
| 2001-02 | LF.P8/1574/2008/6.3.2009 | കത്ത് |
| 2002-03 | LF.P6/942(1)/2004/7.12.2009 | പുനരഭിപ്രായം |
| 2003-04 | LF.P8/1663/08/3.4.2009 | പുനരഭിപ്രായം |
| 2004-05 | LF.P8/786/14/3.7.2014 | പുനരഭിപ്രായം |
| 2005-06 | LF.P8/778/14/11.8.2014 | പുനരഭിപ്രായം |
| 2006-07 | LF.P8/356/12/29.3.2012 | ശുദ്ധിപത്രം |
| 2007-08 | LF.P12/748/14/3.6.14 | പുനരഭിപ്രായം |

| | | |
|---|---|---|
| 2008-09 | LF.P12/736/14/9.5.2014 | പുനരഭിപ്രായം |
| 2009-10<br>2010-11 | LF.P12/1212/14/10.7.2014 | പുനരഭിപ്രായം |
| 2011-12 | LF P8-1939/2014/13.01.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | L.F.P12/1932/14/8.12.2014 | പുനരഭിപ്രായം |
| 2013-14 & 2014-15 | KSA PKD-12/951/2016 Dt.29.06-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA.PKD 12/2323/16 Dt. 29.12.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | KSA.PKD .12-1540/17 Dt.06-102017 | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | KSA.PKD .8-1044/2019.dt.18.9.2019 | ഓഡിറ്റ് റിപ്പോർട്ട് |
| 2018-19 | KSA.PKD .8-1388/2020.dt.16.01.21 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Sreekrishnapuram Block Panchayat<br><br>BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -8169578.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br><br>Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 92105155.00 |
| | Total Reserve & Surplus | | 83935577.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9565225.00 |
| | Total Grants, Contributions for Specific Purposes | | 9565225.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 509604.00 |
| 350000000 | Other Liabilities | B-9 | 219638.00 |
| | Total Current Liabilities and Provisions | | 729242.00 |
| | TOTAL LIABILITIES | | 94230044.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 93859798.00 |
| 411000000 | Accumulated | B-11 | -19230129.00 |

| | | | |
|---|---|---|---|
| | Depreciation | | |
| 412000000 | Capital Work in Progress | B-11(a) | 281694.00 |
| | Total Fixed Assets | | 74911363.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 450000000 | Cash and Bank Balance | B-17 | 12788135.00 |
| 460000000 | Loans, Advances and Deposits | B-18 | 6530546.00 |
| | Total Current Assets, Loans and Advances | | 19318681.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 94230044.00 |

| | | | |
|---|---|---|---|
| | Sreekrishnapuram Block Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 57765.00 |
| 140000000 | Fee & User Charges | I-4(b) | 29501.00 |
| 150000000 | Sale & Hire Charges | I-5(b) | 42772.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 74612118.00 |
| 171000000 | Interest Earned | I-8 | 64824.00 |
| 180000000 | Other Income | I-9 | 37075.00 |
| | Total Income | | 74844055.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2738434.00 |
| 220000000 | Administrative Expenses | I-11(b) | 1303645.00 |
| 230000000 | Operations & Maintenance | I-12(b) | 1130428.00 |
| 240000000 | Interest & Finance Charges | I-13 | 72307.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 8061297.00 |

| | | | |
|---|---|---|---|
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 44392710.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 7825529.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 168549.00 |
| 255000000 | Maintenance Projects | I-14(e) | 6948929.00 |
| 272000000 | Depreciation | I-17(a) | 3867254.00 |
| | Total Expenditure | | 76509082.00 |
| | Gross Surplus/ Deficit of income over Expenditure | | -1665027.00 |
| 280000000 | Prior Period Item | I-18 | -2101219.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 436192.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| | Sreekrishnapuram Block Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25638613.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 33750.00 |
| 140000000 | Fees & User Charges | RP-4 | 29498.00 |
| 150000000 | Sale & Hire Charges | RP-5 | 42772.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51790016.00 |
| 171000000 | Interest Earned | RP-9 | 64824.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11063365.00 |
| 350000000 | Other Liabilities | RP-36 | 416324.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 37075.00 |
| 340000000 | Deposits Received | RP-34 | 43220.00 |
| 350000000 | Other Liabilities | RP-36 | 75748.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 24015.00 |
| 460000000 | Loans, Advances and Deposits | RP-47 | 1183592.00 |
| | Grand total | | 90442812.00 |
| | PAYMENTS | | |
| | Operating | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 2738434.00 |
| 220000000 | Administrative Expenses | RP-12 | 1151907.00 |
| 230000000 | Operations & Maintenance | RP-13 | 1130428.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 8061297.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 44375710.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 6709258.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 168549.00 |
| 255000000 | Maintenance Projects | RP-20 | 6948929.00 |
| 280000000 | Prior Period item | RP-26 | 208467.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 526878.00 |
| 350000000 | Other Liabilities | RP-36 | 316318.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 72307.00 |
| 340000000 | Deposits Received | RP-34 | 75754.00 |
| 350000000 | Other Liabilities | RP-36 | 76277.00 |
| 410000000 | Fixed Assets | RP-38 | 2407133.00 |
| 412000000 | Capital work in Progress | RP-40 | 1664062.00 |
| 460000000 | Loans, Advances and Deposits | RP-47 | 1022969.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 12788135.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 90442812.00 |
| | | | |

Senior Deputy Director

Kerla State Audit Department